N E R V E E D H I

Volume -12, Issue - 01, 10th January 2023, Monthly, Price ₹ 25, Published at Kottayam

വാല്യം–12, ലക്കം–01, ജനുവരി 2023 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## ഇന്നത്തെ കഷ്ടങ്ങൾ സാരമില്ല

പേജ് 4

2023

Editorial

# സുനിശ്ചിതഭാവി

**ലോ**കം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അനിശ്ചിതത്വമാണ്. അപരനെ തോൽപ്പിച്ച് സ്വന്തം ഭാവിയും മക്കളുടെ ഭാവിയും സുരക്ഷിതമാക്കുവാനുള്ള മത്സര ഓട്ടത്തിൽ ദൈവത്തെയും സമസൃഷ്ടങ്ങളെയും മറന്നു ജീവിക്കുന്നവർ വാസ്തവത്തിൽ അനിശ്ചിതത്വമാണ് സൃഷ്ടിക്കുന്നത്. നശ്വരമായ ഈ ലോകത്തിൽ നേടുവാൻ കഴിയുന്നതല്ലാം നശ്വരമാണെന്ന യാഥാർത്ഥ്യം അവർ ഓർക്കുന്നില്ല. അനശ്വരമായത് നേടുവാൻ നിത്യനായ ദൈവത്തിങ്കലേക്ക് മനുഷ്യൻ മടങ്ങിവന്നേ മതിയാവൂ!

സുനിശ്ചിതമായ ഒരു ഭാവിയുടെ ഉറപ്പും പ്രത്യാശയും ഉള്ളവരാണ് ദൈവമക്കൾ. യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർക്ക് അവകാശമായി ലഭിച്ചിരിക്കുന്നത് നിത്യജീവനാണ്. അവരുടെ മുമ്പിലുണ്ടായിരുന്ന അനിശ്ചിതത്വം മാറിപ്പോയിരിക്കുന്നു. ഓരോ ദിനവും പിന്നിടുമ്പോൾ അവരുടെ പ്രത്യാശ വർദ്ധിക്കുന്നു. കർത്താവിന്റെ മടങ്ങിവരവ് കൂടുതൽ സമീപമായിരിക്കുന്നു എന്ന പ്രത്യാശയുടെ ചിന്ത അവർക്ക് ധൈര്യവും സന്തോഷവും നൽകുന്നതാണ്. അതുകൊണ്ട് ജീവിതയാത്രയിൽ ഇന്നനുഭവിക്കുന്ന കഷ്ടങ്ങളും പ്രതികൂലങ്ങളും സാരമില്ല എന്നവരെണ്ണുന്നു. പ്രത്യാശയുടെ ഈ മനോഭാവത്തെ ഓർപ്പിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. പ്രത്യാശയിൽ സമൃദ്ധിയുള്ളവരാവുക എന്നത് ഈ പുതുവത്സരത്തിലേക്കുള്ള സന്ദേശമായി സ്വീകരിക്കാം.

ഈ ലോകജീവിതം ക്ഷണഭംഗുരമാണ്. മനുഷ്യന്റെ ആയുസ്സു എഴുപതോ ഏറെയായാൽ എൺപതോ വർഷങ്ങളാണ്. എന്നാൽ നിത്യത എന്നതൊരിക്കലുമവസാനിക്കാത്ത, ക്രിസ്തുയേശുവിനോടു കൂടെ എന്നുമെന്നേക്കും വാഴുന്ന ജീവിതമാണ്. ഈ ലോകജീവിതം നിത്യതയുടെ ദൈർഘ്യവുമായി തുലനം ചെയ്താൽ കേവലം വെള്ളത്തിലെ കുമിള പോലെ ക്ഷണികമാണ്. ആകയാൽ നിത്യതയ്ക്കായി ഒരുങ്ങുവാൻ ലഭിച്ചിട്ടുള്ള ക്ഷണികമായ നമ്മുടെ ആയുസിന്റെ സമയം തക്കത്തിലുപയോഗിച്ച് ക്രിസ്തുവിന്റെ തലയോളം വളരുവാൻ നമ്മെ സമർപ്പിക്കുകയും, ആ ലക്ഷ്യത്തിലെത്തുവാൻ വാഞ്ചയോടെ നമുക്ക് തന്നെത്താൻ ഒരുക്കുകയും ചെയ്യാം. തന്റെ കാന്തയും തന്നെത്താൻ ഒരുക്കി യിരിക്കുന്നുവല്ലോ!

നേർവീഥി മാസികയുടെ പ്രസിദ്ധീകരണത്തിലും അതോടു ചേർന്നുള്ള ആത്മീയപ്രവർത്തനങ്ങളിലും 11 വർഷങ്ങൾ നാം പിന്നിടുകയാണ്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനായി ദൈവമക്കളെ ഓർപ്പിച്ചുണർത്തുക എന്ന ഏക ലക്ഷ്യമാണ് ഈ പ്രവർത്തനത്തിന് പിന്നിലുള്ളത്. ദൈവമക്കളുടെ ആത്മീയ പരിപോഷണത്തിനുള്ള ഏറ്റവും മികച്ച ലേഖനങ്ങളും പഠനങ്ങളും ആണ് നേർവീഥിയുടെ ഓരോ ലക്കത്തിലും ഉൾക്കൊള്ളിക്കുവാൻ ബോധപൂർവ്വം ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. അത് അനേകരുടെ ആത്മീകജീവിതത്തിന് പ്രോത്സാഹനമായിത്തീരുന്നു എന്നറിയുന്നതിൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

2023 ന്റെ അതായത് പന്ത്രണ്ടാം വാല്യത്തിന്റെ ആദ്യലക്കം നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ വർഷാരംഭത്തിൽ ഇതിലെ ആത്മീയവിഭവങ്ങൾ നിങ്ങൾക്ക് ശക്തിയും ഉത്സാഹവും പകർന്നു നൽകട്ടെ. തുടർന്നും ഈ പ്രവർത്തനത്തിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അത്യാവശ്യമാണ്.

പുസ്തകം 12 ലക്കം 1
ജനുവരി 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഇന്നത്തെ കഷ്ടങ്ങൾ സാരമില്ല** 4
ജോയ് എം. തോമസ്

**ഒരു നിമിഷത്തെ നിശബ്ദത!** 6
സാജു മാത്യു

**ദൈവത്തെ ഉപദേശിക്കാവുന്നവനാർ?** 9
ചെയ്സ് ജോസഫ്

**അവിശ്വാസത്തിന്റെ ആത്മാവ് ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**യാഗവും യാഗപീഠവുമായ ക്രിസ്തു...** 13
രാജു അത്താണിക്കൽ

**ആത്മിക നിഗളത്തിന്റെ...** 15
റെജി പി. മാത്യു

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**വരങ്ങളെക്കാൾ പ്രധാനം ഫലങ്ങൾ...** 18
ഡേവിഡ് വിൽക്കേഴ്സൺ

**തലശേരിയോട് വിട...** 20
ബെഞ്ചമിൻ വർഗീസ്

**വിജ്ഞാന വീഥി** 21

**വനിതാ വീഥി** 22
എൽസി ജോയ്

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**ജീവനുള്ള പ്രത്യാശ** 31
എംസി



ജോയ് എം. തോമസ്

# ഇന്നത്തെ കഷ്ടങ്ങൾ സാരമില്ല

**കോ**വിഡ് 19 നോടനുബന്ധിച്ച് ഉടലെടുത്ത പ്രതിസന്ധികളുടെ ഭയത്തിൽ നിന്നും കാഠിന്യത്തിൽ നിന്നും ആശ്വാസം ലഭിച്ച മനോബലത്തോടു കൂടിയാണ് പുതുവത്സരമായ 2023 ലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നത്. ലോകം പഴയതുപോലെ ആയിത്തുടങ്ങുമ്പോൾ, ആ ഒഴുക്കിൽപ്പെട്ട് തിരക്കുകളുടെ മദ്ധ്യേ ആത്മീയജീവിതത്തിൽ മാന്ദ്യതയിലേക്ക് നാം മടങ്ങിപ്പോവുകയാണോ? ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകും എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.

ലോകം നമുക്ക് യോഗ്യമല്ലെന്നതും ലോകത്തിൽ കഷ്ടം ഉണ്ടെന്നുള്ളതും ഒരു ഭക്തനെ സംബന്ധിച്ച് എന്നും ഒരു യാഥാർത്ഥ്യമാണ്. എന്നാലത് നമ്മെ അധൈര്യപ്പെടുത്തുന്ന വസ്തുത അല്ല. അപ്പോസ്തലനായ പൗലോസിനെക്കൊണ്ട് പരിശുദ്ധാത്മാവ് കുറിപ്പിച്ചിരിക്കുന്ന ഒരു വേദവാക്യം ഇവിടെ ഉദ്ധരിക്കുന്നു.'നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു (റോമർ 8 :18).

ഈ കാലത്തിലെ കഷ്ടങ്ങൾ അഥവാ ഇന്നത്തെ കഷ്ടങ്ങളോടുള്ള നമ്മുടെ പ്രതികരണവും മനോഭാവവും എന്താണെന്നുള്ളത് നാം ശോധന ചെയ്യുന്നത് ഗുണകരമായിരിക്കും. കഷ്ടങ്ങൾ എന്ന് കേൾക്കുമ്പോൾത്തന്നെ നമ്മുടെ നെറ്റി ചുളയുന്നത് സ്വാഭാവികമാണ്. നമ്മുടെ ഉള്ളിൽ നിഷേധാത്മക മനോഭാവമാണ് കഷ്ടതയോടുള്ളത്. കഷ്ടതകളെ തരണം ചെയ്യുക എന്നത് ശരിക്കും നമ്മുടെ മുമ്പിൽ ഒരു വെല്ലുവിളി തന്നെയാണ്.

സമൂഹത്തിലും സാമ്പത്തികമേഖലകളിലും കോവിഡ് ഏൽപ്പിച്ച ആഘാതം കഠിനമായതാണ്. അതിനെ പരിഹരിച്ച് മുന്നേറുക എന്നത് ലോകം നേരിടുന്ന വെല്ലുവിളിയാണ്. ലോകത്തിലുണ്ടാകുന്ന ഏതു മാറ്റങ്ങളും പ്രതിസന്ധികളും നാമും നേരിടേണ്ട യാഥാർത്ഥ്യങ്ങളാണ്. അത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളും ലോകജനത മുഴുവൻ അഭിമുഖീകരിക്കുന്നു. അവർക്കായി ദൈവം സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും സന്ദേശവാഹകരായി നമ്മെ നിയമിച്ചിരിക്കുന്നു. ഏത് പ്രതിസന്ധിയെയും ദൈവാശ്രയത്തോടെയും സമചിത്തതയോടെയും തരണം ചെയ്യുമ്പോൾ നമ്മുടെ ജീവിതം തന്നെ ഒരു സന്ദേശം ആവുകയാണ്. മാത്രമല്ല, നമ്മുടെ അനുഭവങ്ങൾ സമാന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരോട് പങ്കിടുമ്പോൾ അതവർക്കും ദൈവത്തിലാശ്രയിക്കുവാൻ പ്രചോദനമായിത്തീരും.

ലോകത്തിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നാമും അഭിമുഖീകരിക്കുന്നു. എന്നാൽ അതിലുപരി യേശുകർത്താവിനെ അനുഗമിക്കുന്നതിന് നാം കൊടുക്കേണ്ടു

ന്ന വിലയായ കഷ്ടങ്ങളും ഉണ്ട്. നിന്ദ, പരിഹാസം, ഒറ്റപ്പെടുത്തൽ, ഉപദ്രവങ്ങൾ തുടങ്ങിയവ. മറ്റൊരു പശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിൽ വരുന്നവർക്കാണ് ഇത് കൂടുതൽ സഹിക്കേണ്ടി വരുന്നത്. എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയുള്ളവരായി യഥാർത്ഥ വിശ്വാസ ജീവിതം നയിക്കുന്ന എല്ലാവർക്കും ചുറ്റുപാടുകളിൽ നിന്നും(തൊഴിൽ, സാമൂഹിക മേഖലകൾ) ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാകും എന്നത് നിശ്ചയമാണ്. 'ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്ക് എല്ലാ ഉപദ്രവവും ഉണ്ടാവും (2 തീമോഥെയൊസ് 3:12) എന്ന് പൗലോസ് നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

വിശ്വാസി എന്നോ അവിശ്വാസി എന്നോ വ്യത്യാസമില്ലാതെ എല്ലാവരും അനുഭവിക്കുന്ന കഷ്ടങ്ങൾ ഏതു തരത്തിലുള്ളതായാലും, ക്രിസ്തുവിന്റെ നാമത്തിന് വേണ്ടി അനുഭവിക്കുന്ന കഷ്ടങ്ങൾ ആയിരുന്നാലും എല്ലാ കഷ്ടങ്ങളെയും 'സാരമില്ല' എന്ന മനോഭാവത്തോടെ കാണുവാൻ നമുക്ക് കഴിയണം.'സാരമില്ല' എന്നു വാസ്തവമായി ചിന്തിക്കുവാൻ കഴിയണമെങ്കിൽ നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് അഥവാ മഹത്വം നാം മനസ്സിലാക്കുകയും അതിനോടു ഇന്നത്തെ നമ്മുടെ കഷ്ടങ്ങളെ തുലനം ചെയ്യുകയും വേണ്ടതുണ്ട്.

നമ്മുടെ കർത്താവിന്റെ മടങ്ങിവരവിലാണ് നാം പ്രാപിക്കുവാനുള്ള മഹത്വം പൂർണ്ണമായിവെളിപ്പെടുന്നത്. യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച്, സമർപ്പണത്തോടെ കർത്താവിനായി ജീവിക്കുന്നവർക്ക് 'ദൈവമക്കൾ' എന്ന പദവി നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇന്ന് നാം ദൈവമക്കളാകുന്നു എന്നറിയുന്നു. എന്നാൽ നാം ഭാവിയിലിന്നത് ആകും എന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല എന്നാണ് യോഹന്നാൻ ഓർപ്പിക്കുന്നത് (1 യോഹന്നാൻ 3:2). കർത്താവ് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെ, താനിരിക്കുന്നതുപോലെ തന്നെ കാണുന്നതാകയാൽ അവിടുത്തോട് സദൃശ്യന്മാരായിത്തീരും. നാം കർത്താവിനോട് സദൃശ്യന്മാരായി കർത്താവിനെ കാണുകയും കർത്താവിനോട് കൂടെ നിത്യത മുഴുവൻ വാഴുകയും ചെയ്യുന്ന സുന്ദരമായ ഭാവിയാണ് നമുക്കുള്ളത്. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് നമുക്ക് സങ്കൽപ്പിക്കുവാൻ കഴിയുന്നതിലും വളരെ വളരെ വലുതാണ്. അവർണ്ണനീയമായ തേജസിനോടാണ് ഇന്നത്തെ കഷ്ടങ്ങളെ തുലനം ചെയ്ത് നാം ചിന്തിക്കേണ്ടത്. അപ്പോൾ ഇന്നത്തെ കഷ്ടങ്ങൾ സാരമില്ല എന്ന ബോധ്യം നമ്മിലുറയ്ക്കും.

ഇന്നത്തെ കഷ്ടങ്ങളിൽ മാത്രം നമ്മുടെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചാൽ ഭീരുക്കളും നിരാശരും ആയിത്തീരും. ഈ കഷ്ടങ്ങളെ മറികടക്കുവാൻ കഴിവില്ലാത്തവരായി ആത്മീയജീവിതത്തിൽ മാന്ദ്യത ഉള്ളവരായിത്തീരും. എന്നാൽ നാം നമ്മിൽ വെളിപ്പെടുവാനുള്ള മഹത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ പ്രത്യാശ ഉള്ളവരും ധീരന്മാരുമായിത്തീരും. ഉന്നതവും വിലയേറിയതും എന്നുമെന്നും നിലനിൽക്കുന്നതുമായ ആ സ്വർഗീയ മഹത്വം പ്രാപിക്കുന്നതിന് ഈ താൽക്കാലികമായ ലോകജീവിതത്തിൽ നാം കൊടുക്കേണ്ടി വരുന്ന കഷ്ടങ്ങളാകുന്ന വില ഏതുമില്ലെന്നുള്ളതാണ് സത്യം. ഈ യാഥാർത്ഥ്യം നമ്മുടെ ചിന്തകളിൽ വേരുറയ്ക്കട്ടെ.

നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ ആണെന്നുള്ളതും, ഇവിടെ നാം പരദേശികളായി ഏറ്റവും ചെറിയ ഒരു സമയം മാത്രമാണ് ജീവിക്കുന്നത് എന്നും ഉള്ള യാഥാർത്ഥ്യം നമ്മുടെ ചിന്തയിൽ രൂഢമൂലമായിരിക്കണം. 'ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് തന്നെ ചിന്തിക്കണം' എന്ന ദൈവവചനം (കൊലോസ്യർ 3:2) നമ്മുടെ ആപ്തവാക്യം ആയിരിക്കണം. സ്വർഗീയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ഹൃദയം ആത്മികസന്തോഷത്താൽ നിറയും. ക്രിസ്തുവിനെ ധ്യാനിക്കുമ്പോൾ തന്റെ സ്നേഹത്താൽ നാം നിറയുകയും, കർത്താവിനെ കാണുവാനുള്ള ആശ വർദ്ധിക്കുകയും ചെയ്യും. ഇങ്ങനെ പ്രത്യാശ വർദ്ധിക്കുന്ന ആത്മീയജീവിതമാണ് കഷ്ടങ്ങളെ സാരമില്ല എന്നെണ്ണി മുന്നേറുവാൻ കരുത്തു പകരുന്നത്.

കഷ്ടങ്ങളെ സഹിക്കുവാനുള്ള കൃപയും, വെളിപ്പെടുവാനുള്ള തേജസിന്റെ പ്രത്യാശയും നൽകിയാണ് ദൈവം നമ്മെ ആശ്വസിപ്പിക്കുന്നത്. ദൈവത്തിൽ നിന്നു ആശ്വാസം ലഭിക്കുന്നതുകൊണ്ട് ധൈര്യപ്പെടാനും കഷ്ടനഷ്ടങ്ങളിൽ സന്തോഷിക്കുവാനും ഭക്തന്മാർക്ക് ഇടയാകുന്നു. ദൈവേഷ്ടത്തിനായി തങ്ങളെത്തന്നെ സമർപ്പിച്ച് ദൈവത്തോട് കൂടുതലടുക്കുവാനവർക്ക് കഴിയുന്നു. അപ്പോൾ കഷ്ടത അവരുടെ ജീവിതത്തിൽഗുണകരമായി പരിണമിക്കുന്നു.'നാം ദൈവതേജസിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. അത് മാത്രമല്ല, കഷ്ടത സഹിഷ്ണുതയേയും സഹിഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു' എന്നത് നമ്മിൽ അന്വർത്ഥമായിത്തീരുന്നു. ●



സാജു മാത്യു

# ഒരു നിമിഷത്തെ നിശബ്ദത!

**മൂ**ഡിയിലും തന്റെ സൺഡേസ്കൂൾ കുട്ടികളിലും ഉണ്ടായ രൂപാന്തര അനുഭവമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഒരധ്യാപകന്റെ ആത്മഭാരം തന്റെ കുട്ടികളിലും മൂഡിയിൽത്തന്നെയും ഉളവാക്കിയ അത്ഭുതാവഹമായ പരിവർത്തനം എല്ലാ സൺഡേസ്കൂൾ അധ്യാപകരും കുട്ടികളും സ്വജീവിതത്തിൽ പ്രായോഗികമാക്കേണ്ടതാണ്. ലക്ഷ്യബോധത്തോടും സമർപ്പണത്തോടും സൺഡേസ്കൂൾ ശുശ്രൂഷ നിർവഹിക്കേണ്ടതിന്റെ ആവശ്യകത ഈ സംഭവത്തിലൂടെ വെളിപ്പെട്ടു വരുന്നു.

എന്തുപറ്റി ഹിബർട്ട്? മൂഡിയുടെ സൺഡേസ്കൂളിലെ മെച്ചപ്പെട്ട അധ്യാപകനാണ് ഹിബർട്ട്. കഴിഞ്ഞയാഴ്ച കണ്ടില്ലല്ലോ...? ബ്യൂൾ, ഹിൽ ആൻഡ് ഗ്രാംഗർ ഷൂ കമ്പനിയുടെ പാർലറിൽ ഇരുന്ന്, മൂഡി മുന്നിൽ നിന്ന മെല്ലിച്ച മനുഷ്യനോട് ചോദിച്ചു. മെച്ചപ്പെട്ട എന്നുവച്ചാൽ സമ്മതിച്ച് കൊടുക്കേണ്ടയാൾ തന്നെ! മൂഡി ചിന്തിച്ചു ... ഒരാഴ്ച ഹിബർട്ടിന്റെ അഭാവത്തിൽ അയാളുടെ ക്ലാസുകൾ താൻ കൈകാര്യം ചെയ്തതാണ്. ഹോ! ശല്യങ്ങൾ!! 12 നും 16 നും മധ്യത്തിലുള്ള പെൺകുട്ടികളാണ്. നിർത്തി വെള്ളം കുടിപ്പിച്ചു കളഞ്ഞു. ഇറങ്ങിപ്പോ എല്ലാം...മേലിൽ ഇതിനകത്ത് കയറിപ്പോകരുത് എന്നു പറയണം എന്ന് വിചാരിച്ചതാണ്... പിന്നെയും സംയമനം പാലിച്ചു ...

മൂഡി, എനിക്ക് വലിവ് പിന്നെയും കൂടുതലായി. ഇപ്പോൾ ചുമച്ച് തുപ്പുന്നതെല്ലാം ചോരയാണ്. ഡോക്ടർ പറഞ്ഞത് ഈ സ്ഥലമായ, ലേക്ക് മിഷിറൺ എനിക്ക് പറ്റില്ല എന്നാണ്. ന്യൂയോർക്കിലേക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞു... അവിടെ ചെന്നാലും രക്ഷ ഒന്നുമില്ല... പിന്നെ കുറേക്കൂടെ സമാധാനപരമായിട്ട് മരിക്കാം....

മൂഡി തരിച്ചിരുന്നു പോയി... ഇത്രയും അസുഖമായിരുന്നിട്ടും അത് പുറത്ത് കാട്ടാതെ ഹിബർട്ട് കൃത്യതയോടെ സൺഡേസ്കൂൾ പഠിപ്പിച്ചു! അങ്ങനെ പറയാതെ ഹിബർട്ട്.... ഇത് ഇത്രയ്ക്കും സാരമാക്കണോ? മൂഡി ആശ്വസിപ്പിക്കാൻ പരിശ്രമിച്ചു. വേണം സഹോദരാ! യാതൊരു പ്രതീക്ഷയും വേണ്ടെന്ന് ഡോക്ടർമാർ പറഞ്ഞു കഴിഞ്ഞു. ഇനി ചില മാസങ്ങൾ... ചിലപ്പോൾ ആഴ്ചകൾ....

ഹിബർട്ട്, മരിക്കാൻ നിങ്ങൾക്ക് പേടിയൊന്നും ഇല്ലല്ലോ...? നിങ്ങൾ വിശ്വാസിയാണ്. വിട്ടുപിരിഞ്ഞാലും ക്രിസ്തുവിനോടു കൂടെ...

**ഒരു അധ്യാപകൻ എന്ന നിലയിൽ ഞാനൊരു പരാജയം ആയിരുന്നു. എന്റെ വിദ്യാർത്ഥികൾ ആരും രക്ഷിക്കപ്പെട്ടിട്ടില്ല... അവരെ യേശുക്രിസ്തുവിലേക്ക് നയിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു. ഇനിയിപ്പോൾ അത് നിർവഹിക്കുവാനുള്ള ആരോഗ്യം എനിക്ക് ഇല്ല. ഹോ! എന്റെ കുട്ടികൾക്ക് ഞാൻ ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്തു എന്നാണ് എന്റെ ഭീതി. അവരിൽ ഒരാളും രക്ഷിക്കപ്പെട്ടില്ല.**

എന്നെപ്പറ്റി എനിക്ക് ആശങ്കകൾ ഒന്നുമില്ല... എന്നാൽ... എന്റെ വിദ്യാർത്ഥികളെപ്പറ്റി... അത് സാരമില്ല മിസ്റ്റർ ഹിബർട്ട്. നമുക്ക് മറ്റാരെയെങ്കിലും കൊണ്ട് ക്ലാസെടുപ്പിക്കാം.

ക്ലാസ്സെടുക്കുന്ന കാര്യമല്ല മിസ്റ്റർ മൂഡി, ഹിബർട്ട് പറഞ്ഞു... ഒരു അധ്യാപകൻ എന്ന നിലയിൽ ഞാനൊരു പരാജയം ആയിരുന്നു. എന്റെ വിദ്യാർത്ഥികൾ ആരും രക്ഷിക്കപ്പെട്ടിട്ടില്ല... അവരെ യേശുക്രിസ്തുവിലേക്ക് നയിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു. ഇനിയിപ്പോൾ അത് നിർവഹിക്കുവാനുള്ള ആരോഗ്യം എനിക്ക് ഇല്ല. ഹോ! എന്റെ കുട്ടികൾക്ക് ഞാൻ ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്തു എന്നാണ് എന്റെ ഭീതി. അവരിൽ ഒരാളും രക്ഷിക്കപ്പെട്ടില്ല. ഞാനെങ്ങനെ എന്റെ ദൈവത്തെ നേരിടും! ഹിബർട്ട് ചുമ നിർത്തുവാൻ ഭാരപ്പെട്ടു.

ആ വാക്കുകൾ മൂഡിയിൽ അസ്വസ്ഥത നിറച്ചു. സൺഡേ സ്കൂളിനെപ്പറ്റി താൻ ഒരിക്കലും ഈ നിലയിൽ ചിന്തിച്ചിരുന്നില്ല. എന്നും അംഗസംഖ്യയിൽ ആയിരുന്നു തന്റെ കണ്ണ്. 100, 200, 500, 1000. ധാരാളം അധ്യാപകർ, ക്ലാസുകൾ... ഒരു സാധാരണ സ്കൂൾ പോലെ...അവിടെ അവർ പാട്ട് പഠിച്ചു, വാക്യം വായിച്ചു, കഥ കേട്ടു... എന്നാൽ അവരോരോരുത്തരും യേശുക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ രക്ഷിക്കപ്പെട്ടവരാണെന്ന യാഥാർത്ഥ്യത്തിന് നേരെ ഇതുവരെയും തന്റെ കണ്ണ് തുറന്നിരുന്നില്ല!

ഒരു കാര്യം ചെയ്യാം മിസ്റ്റർ ഹിബർട്ട്. ഞാനൊരു കുതിരവണ്ടി വാടകയ്ക്ക് എടുത്തു തരാം. കുട്ടികളുടെ വീട്ടിലെത്തി ആ കുട്ടികളെ നിങ്ങളുടെ മനസ്സിന്റെ ഭാരം അറിയിച്ചു കൂടെ...?

താങ്കൾ കൂടി വരണം മിസ്റ്റർ മൂഡി... ഹിബർട്ട് വീണ്ടും ചുമച്ചു. മൂഡിക്ക് തിരക്കുണ്ട്! എങ്കിലും ഹിബർട്ടിന്റെ ഹൃദയഭാരം അവഗണിക്കാനായില്ല.

സാൻഡ്സിലെ ചേരികളിൽ ഒന്നിൽ കുതിരവണ്ടി നിന്നു. മൂഡിയും ഹിബർട്ടും വണ്ടിയിൽ നിന്നും പുറത്തിറങ്ങി. ഈ തെരുവിലെ ഭവനങ്ങൾ ഓരോന്നും മൂഡി എത്രയോ തവണ കയറി ഇറങ്ങിയതാണ്. ജോൺ അവന് നൽകിയ കുതിരപ്പുറത്ത് ആ തെരുവുകളിൽ പരിചിതരായ കുട്ടികളുടെ പേര് വിളിച്ചു അവൻ ചുറ്റി നടന്നു. ചിലപ്പോഴൊക്കെ ഒരു പറ്റം കുട്ടികളെ കാണുമ്പോൾ അവൻ പോക്കറ്റിൽ നിന്ന് മിഠായികൾ അവരുടെ ഇടയിലേക്ക് വിതറി. എതിർപ്പുമായി എത്തിയ മാതാപിതാക്കളെ തമാശ പറഞ്ഞു മയക്കി. കുതിരപ്പുറത്ത് കറങ്ങിനടക്കുന്ന മൂഡിയുടെ പടം ഇടയ്ക്കൊരിക്കൽ ചിക്കാഗോയിലെ ഒരു ദിനപത്രത്തിൽ മുൻപേജിൽ പ്രത്യക്ഷപ്പെടുക പോലും ചെയ്തു. അതിന്റെ അടിക്കുറിപ്പ് ആയിരുന്നു ഏറെ രസം. ഭ്രാന്തൻ മൂഡി കുട്ടികളെത്തേടി....!

എന്നാൽ ഇന്നത്തേതുപോലെ ഒരു ദൗത്യവുമായി അവൻ ഇതുവരെ സാൻഡ്സിൽ എത്തിയിട്ടേയില്ല... മുമ്പ് അവൻ കുട്ടികളെ കൂട്ടിക്കൊണ്ടു പോകാൻ വന്നിരുന്നുവെങ്കിൽ ഇന്നിപ്പോൾ അവരോടൊത്ത് സമയം ചെലവഴിക്കേണ്ടതിന് അവൻ അവരുടെ അടുത്തേക്ക് പോകുന്നു.

പെഗ്ഗിയെന്ന കുട്ടിയോട് ഹിബർട് പറഞ്ഞു: നിനക്ക് യേശുവിനെ കൂടിയേ തീരൂ. യേശുവില്ലാത്ത ജീവിതം എത്ര ശൂന്യമാണെന്ന് അറിയാമോ? നോക്കൂ...യേശുവിനെ കൂടാതെ മരിക്കുകയെന്നാൽ ....തീരുകയാണ് എല്ലാം. ഹിബർട്ട് 20 മിനിറ്റോളം അവളോട് സംസാരിച്ചു. അവളുടെ മുഖത്ത് പ്രത്യേകിച്ച് വികാരഭാവങ്ങൾ ഒന്നും ഉണ്ടായില്ല. ഹിബർട്ട് ചുമച്ചു തുടങ്ങി. നോ.. കുട്ടി! ഞാൻ ന്യൂയോർക്കിലേക്ക് പോവുകയാണ്. ഇനി മടങ്ങിവരവ് ഉണ്ടാവുകയില്ല. ഇനിയൊരിക്കലും കാണാനാകാത്ത വിധത്തിൽ നീ നരകത്തിനധീനയാകരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. പെഗ്ഗി ഒന്നും പറഞ്ഞില്ല. എന്നാൽ അവൾ എല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

മിസ്റ്റർ മൂഡി, നിങ്ങൾ അവൾക്കുവേണ്ടി പ്രാർത്ഥിക്കൂ... പോകാം... ഹിബർട്ട് ചുമച്ചു കൊണ്ടേയിരുന്നു... മൂഡി എഴുന്നേറ്റുനിന്നു. കണ്ണുകളടച്ചു. തന്റെ പ്രാർത്ഥന, സ്വകാര്യമുറിയിലെ പ്രാർത്ഥനാനേരത്തെന്ന പോലെ ദൈവം തന്റെ അടുത്തുവന്നു നിൽക്കുന്നതുപോലെ അവന് തോന്നി.

ദൈവമേ.. അവിടുന്ന് പെഗ്ഗിക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയില്ലേ? ഞങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കാൻ അവളുടെ മനസ്സ് തുറക്കില്ലേ? യേശുക്രിസ്തു അവിടുത്തെ പുത്രനാണെന്നും യേശുക്രിസ്തുവിനെ മരിക്കാൻ അവിടുന്ന് അനുവദിച്ചത് അവളുടെ ജീവിതത്തിന് വ്യത്യാസം വരുത്താൻ വേണ്ടിയാണെന്നും മനസ്സിലാക്കാൻ അവളെ സഹായിക്കണേ... യേശുവിനെ രക്ഷകനായി സ്വീകരിക്കാൻ അവൾ തീരുമാനിച്ചാൽ.. ഹോ...! ദൈവമേ! അവളുടെ ജീവിതത്തിൽ എന്തൊരു വ്യത്യാസമായിരുന്നേനെ... ആമേൻ.

ഒരു നിമിഷത്തെ നിശബ്ദത! മൂഡി കണ്ണുതുറക്കുമ്പോൾ പെഗ്ഗി അവന്റെ കണ്ണുകളിലേക്ക് നോക്കി നിൽക്കുകയായിരുന്നു.

സർ, വളരെ അടുത്ത ആളോട് എന്ന പോലെയാണല്ലോ താങ്കൾ ദൈവത്തോട് സംസാരിച്ചത്... ദൈവം എനിക്ക് വളരെ അടുത്ത ആള് തന്നെയാണെന്നാണ് പെഗ്ഗി... എന്റെ വിശ്വാസം. അതുപോലെ ഹിബർട്ട്, അദ്ദേഹം മരിക്കുവാൻ പോവുകയാണെന്ന് ഡോക്ടർമാർ പറയുന്നു. അദ്ദേഹത്തിന് മരിക്കാൻ പേടിയില്ല...

എല്ലാം യേശുക്രിസ്തു മുഖാന്തരമാണ് പെഗ്ഗി ... ഹിബർട്ട് വീണ്ടും ബൈബിൾ തുറന്നു. അഞ്ചു മിനിറ്റ് കൂടെ തുടർന്ന് അന്നവർ കയറിയിറങ്ങി. അപ്പോഴേക്കും ഹിബർട്ട് അവശനായി.. പിറ്റേന്നും അതിന്റെ പിറ്റേന്നും ചേരിയിലെ വീടുകൾ അവർ കയറിയിറങ്ങി.

ഒടുവിൽ അസംഭവ്യം എന്ന് ചിന്തിച്ചത് യാഥാർത്ഥ്യമായി. ഹിബർട്ടിന്റെ ക്ലാസ്സിലെ അവസാനത്തെ കുട്ടിയും യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു. അവിടെനിന്ന് യാത്രയാവുന്നതിന്റെ തലേന്ന് ഒരു പ്രത്യേക യോഗത്തിൽ അദ്ദേഹത്തിന്റെ വിദ്യാർത്ഥിനികൾ എല്ലാവരും എത്തി. പെഗ്ഗി കണ്ണുനീരോടെ പ്രാർത്ഥിച്ചു. കർത്താവെ... ഹിബർട്ടിനെ ഞങ്ങളുടെ അടുത്തേക്ക് അയച്ചതിന് നന്ദി. അദ്ദേഹം യേശുവിനെക്കുറിച്ച് ഞങ്ങളോട് പറഞ്ഞല്ലോ. ഞങ്ങൾ അദ്ദേഹത്തെ ഒരിക്കലും മറക്കുകയില്ല. മറ്റുള്ളവരും പ്രാർത്ഥിച്ചു... ഹിബർട്ടിന്റെ യേശുവിനെ പറ്റി മറ്റുള്ളവരോട് സാക്ഷിക്കുവാൻ സഹായിക്കണമേയെന്ന് പോലും...!അധ്യാപകന് കുട്ടികളോടും അവർക്കു അധ്യാപകനോടുമുള്ള സ്നേഹവും കരുതലും ഇവിടെ സുവ്യക്തമല്ലേ?

•

## പഴയനിയമ ശൗലിന്റെയും പുതിയനിയമ ശൗലിന്റെയും അന്ത്യമൊഴികൾ

***പരാജിതനായ ശൗൽ രാജാവിന്റെ ദുരഭിമാനത്തിന്റെ അവസാനവാക്കുകൾ...!***

**"ഞാൻ പാപം ചെയ്തിരിക്കുന്നു; ... ഞാൻ ഭോഷത്വം പ്രവർത്തിച്ച് അത്യന്തം തെറ്റിപ്പോയിരിക്കുന്നു" (1 ശമുവേൽ 26:21). "ശൗൽ തന്റെ ആയുധവാഹകനോട്, ഈ അഗ്രചർമ്മികൾ വന്ന് എന്നെ കുത്തിക്കളകയും അപമാനിക്കയും ചെയ്യാതിരിക്കേണ്ടതിന് നിന്റെ വാൾ ഊരി എന്നെ കുത്തുക എന്ന് പറഞ്ഞു" (1 ശമുവേൽ 31:4).**

***ശൗൽ എന്നും പേരുള്ള പൗലോസിന്റെ പ്രാഗത്ഭ്യത്തിന്റെ വിജയഭേരി...!***

**"ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും" (2 തിമൊഥെയോസ് 4:7,8).**



ചെയ്സ് ജോസഫ്

# ദൈവത്തെ ഉപദേശിക്കാവുന്നവനാർ?

റോമർ 11: 33 - 36

ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള ദൈവപദ്ധതിയാണ് കഴിഞ്ഞ അധ്യായങ്ങളിൽ നാം ചിന്തിച്ചത്. എങ്ങനെ ആണ് ദൈവത്തെ മഹത്വപ്പെടുത്തുന്നത് എന്നു പറഞ്ഞുകൊണ്ടാണ് ഈ അധ്യായം അവസാനിക്കുന്നത്. ദൈവം എല്ലാവരോടും കരുണ കാണിക്കേണ്ടതിന് എല്ലാവരെയും പാപത്തിൻ കീഴടച്ചു കളഞ്ഞു എന്നു മുമ്പേ മനസ്സിലാക്കിയിട്ടുള്ളതാണല്ലോ. അത് ദൈവത്തിന്റെ വിവേകത്തെയും പരിജ്ഞാനത്തെയും ആണ് കാണിക്കുന്നത്. ഒരു മനുഷ്യനും ചിന്തിക്കാൻ കഴിയാത്തതും അവന്റെ ബുദ്ധിക്ക് അതീതവുമായ ദൈവപ്രവർത്തിയാണിത്. ദൈവത്തിന്റെ ധനവും ജ്ഞാനവും അറിവും എത്ര വലുതും ആഴവും ഉള്ളത് എന്ന് പൗലോസ് ഇവിടെ വിവരിക്കുന്നു. ദൈവത്തിന്റെ ഈ ധനമാണ് വിശ്വസിക്കുന്ന എല്ലാവരെയും രക്ഷിക്കുവാൻ വേണ്ടി ഈ ലോകത്തിൽ വ്യാപരിച്ചത്. അതുപോലെ ദൈവത്തിന്റെ ജ്ഞാനവും അറിവും മനുഷ്യരുടെ പരിമിതികൾക്കപ്പുറത്തുള്ള ദൈവപദ്ധതിയെ നമുക്ക് അനാവരണം ചെയ്തു തരുന്നു. പാപികളായ നമ്മെ നീതിമാന്മാർ എന്ന് വിധിക്കുമ്പോഴും, ദൈവം തന്റെ ന്യായവിധികൾ പരിപൂർണ്ണവും മനോഹരവും ആയിട്ടാണ് സ്ഥാപിച്ചിരിക്കുന്നത് എന്നുള്ളത് അത്ഭുതകരമാണ്.

പൗലോസിനെ എപ്പോഴും അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമാണ് നമ്മെപ്പോലെയുള്ള മനുഷ്യരെ രക്ഷിക്കുവാൻ ദൈവം ഇങ്ങനെയുള്ള ഒരു രക്ഷാപദ്ധതി ഒരുക്കിവെച്ചു എന്നുള്ളത്. തന്റെ ജനം അല്ലാത്തവരെ സ്വന്തജനം എന്ന് വിളിക്കുവാനും, മക്കളല്ലാത്തവരെ മക്കളെപ്പോലെ ചേർത്തുകൊള്ളുവാനും ദൈവത്തിനിഷ്ടം തോന്നി. പാപത്തെ വെറുത്തുകൊണ്ടുതന്നെ പാപത്തെ ന്യായം വിധിച്ചു, പാപിയെ സ്നേഹിക്കുന്ന ദൈവികപദ്ധതി എത്ര അത്ഭുതകരമാണ്. വളരെയധികം പ്രവാചകന്മാർ ദൈവശബ്ദം കേൾക്കുകയും പ്രവചിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും വളരെയധികം പ്രവാചകന്മാർ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവർക്ക് ആർക്കും ആരാഞ്ഞന്വേഷിക്കാൻ കഴിയാതിരുന്ന കാര്യമാണ് കർത്താവിന്റെ മനസ്സ്. അതുകൊണ്ടുതന്നെ ലോകത്തിനു മുഴുവനും, വിശേഷാൽ ഇസ്രയേലിനും ദൈവം ഒരുക്കി വെച്ചിരുന്ന രക്ഷാപദ്ധതി ആരും അറിഞ്ഞില്ല. ഈ ലോകത്തിന്റെ പ്രമുഖന്മാർക്ക് അതിനെക്കുറിച്ചറിവുണ്ടായിരുന്നു എങ്കിൽ അവർ ഒരിക്കലും തേജസിന്റെ കർത്താവിനെ ക്രൂശിക്കുകയില്ലായിരുന്നു

പൗലോസ് ചോദിക്കുന്ന ഒരു പ്രധാന ചോദ്യമാണ് കർത്താവിന്റെ മനസ്സറിഞ്ഞ് അവന് മന്ത്രിയായിരിക്കാൻ ആർക്കു സാധിക്കും? അതിന്റെ ഉത്തരം ആർക്കും സാധിക്കുകയില്ല എന്നാണ്. പലപ്പോഴും ദൈവത്തിന് കാര്യങ്ങൾ വ്യക്തമാക്കി കൊടുക്കേണ്ട ആവശ്യമുണ്ട് എന്നുള്ള രീതിയിലാണ് ചിലരെങ്കിലും പ്രാർത്ഥിക്കുകയും അവകാശവാദങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നത്. എന്നാൽ ദൈവത്തിന് കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അവന് മന്ത്രിയായിരിക്കുവാൻ കഴിയുന്ന ആരുമില്ല. അതിന് കാരണം ദൈവം ധന്യനായ ഏകാധി

പതി എന്നുള്ളതാണ്. ദൈവം ജ്ഞാനത്തിന്റെ പൂർണ്ണതയും ആണ്. ഈ ലോകത്തിലെ അധിപതികൾക്കെല്ലാം ഉപദേഷ്ടാക്കന്മാരെ അഥവാ മന്ത്രിമാരെ ആവശ്യമാണ്. എന്നാൽ ദൈവത്തെ ഉപദേശിക്കുവാൻ ആരെയും ആവശ്യമില്ല. എങ്ങനെയാണ് മഹത്വം എടുക്കേണ്ടതെന്നു ദൈവത്തോട് പറയേണ്ട കാര്യവുമില്ല. ദൈവം ചെയ്യുന്നതെല്ലാം മഹത്വത്തിനായി മാറുന്നു. ദൈവത്തിന്റെ പരിജ്ഞാനത്തിനു മുമ്പിൽ തലവണക്കുക എന്നുള്ളതല്ലാതെ നമുക്കൊന്നും ചെയ്യാവതല്ല. ഇസ്രയേലിനെയും പാപികളെയും രക്ഷിക്കുന്ന കാര്യത്തിൽ മനുഷ്യരുടെ ആലോചനയല്ല, ദൈവത്തിന്റെ വിവേകമാണ് ഫലം കൊടുക്കുന്നത്. ഈ വാക്യങ്ങൾ ഇസ്രയേലിന്റെ രക്ഷയെ സംബന്ധിച്ചും പൊതുവേയുള്ള ദൈവിക രക്ഷാപദ്ധതിയെ സംബന്ധിച്ചും പൗലോസ് പറയുന്ന വാക്യങ്ങൾ ആണെങ്കിലും എല്ലാ ജീവിതസാഹചര്യങ്ങളിലും ഈ ഉപദേശം പ്രധാനമാണ്. പലപ്പോഴും നാം പ്രാർത്ഥിക്കുമ്പോൾ എന്നെ അനുഗ്രഹിച്ചാൽ ദൈവത്തിന്റെ നാമം മഹത്വപ്പെടും എന്ന് പ്രാർത്ഥിക്കാറുണ്ട്. ദൈവത്തിന്റെ നാമം മഹത്വപ്പെടേണ്ടതിനു ദൈവം എന്നെ അനുഗ്രഹിക്കണമെന്ന് പലപ്പോഴും ആളുകൾ പ്രാർത്ഥിച്ചു കേട്ടിട്ടുണ്ട്. എന്നാൽ എങ്ങനെ മഹത്വം എടുക്കണമെന്ന് ദൈവത്തിനു ആരും പറഞ്ഞു കൊടുക്കേണ്ട കാര്യമില്ല. മനുഷ്യരുടെ സഹായവും അതിന് ആവശ്യമില്ല. അതുകൊണ്ടുതന്നെ ദൈവത്തിനു മന്ത്രിയായിരുന്ന് ആരും ദൈവത്തെ ഉപദേശിക്കുന്നില്ല. മനുഷ്യരുടെ ഒരു പ്രധാന പാപ പ്രവണത, ദൈവത്തിന്റെ നീതിയെയും വ്യവസ്ഥകളെയും മനുഷ്യന്റെ വിവേകം കുറ്റം വിധിക്കുന്നു എന്നുള്ളതാണ്.

ദൈവം പ്രതിഫലം വാങ്ങി ഒന്നും ചെയ്യുന്നില്ല എന്നുള്ളത് മനുഷ്യരെ രക്ഷിക്കുന്നതു വഴി ദൈവം തെളിയിച്ച പരമപ്രധാനമായ കാര്യമാണ്. രക്ഷ, ദൈവത്തിന്റെ ദാനമായാണ് ദൈവം നൽകിയത്. ഒരിക്കലും മനുഷ്യർ ചെയ്യുന്ന സൽപ്രവർത്തികളുടെ ഫലമായിട്ടല്ല . അതിന് കാരണം മനുഷ്യരുടെ പ്രവർത്തികൾക്ക് പ്രതിഫലമായി രക്ഷ നൽകിയാൽ അത് ദൈവത്തിനു മഹത്വം ആവുകയില്ല, പ്രത്യുത മനുഷ്യരുടെ പുകഴ്ചയ്ക്ക് കാരണമായി മാറുകയെ ഉള്ളൂ. അതുകൊണ്ട് ദൈവം എല്ലാം സ്വന്തം മഹത്വത്തിനായാണ് ചെയ്യുന്നത്. ഒരിക്കലും ദൈവം തന്റെ മഹത്വത്തെ പങ്കുവയ്ക്കുന്നില്ല. അതുകൊണ്ട് രക്ഷയുടെ പൂർണമായ മഹത്വം ദൈവത്തിനു ലഭിക്കത്തക്ക രീതിയിലാണ്, മനുഷ്യരുടെ ബുദ്ധിക്കും യുക്തിക്കും അതീതമായ ദൈവിക പരിജ്ഞാനം രക്ഷയിലൂടെ ദൈവം വെളിപ്പെടുത്തിയത്. എന്തുകൊണ്ട് ദൈവം എന്നെ രക്ഷിച്ചു എന്നുള്ളത് എനിക്ക് മനസ്സിലാകാത്ത ദൈവസ്നേഹം ആണ്. എങ്ങനെ ഞാൻ സ്വർഗ്ഗത്തിൽ പോകും എന്നുള്ളതും എന്നെ സംബന്ധിച്ച് ചിന്തിക്കാൻ കഴിയാത്ത ഒരു കാര്യമാണ്.

മാനുഷികമായ യുക്തികൊണ്ടും നമുക്ക് രക്ഷ ലഭിക്കുവാൻ അർഹതയില്ല. അതുകൊണ്ട് ദൈവം ആരിൽ നിന്നും പ്രതിഫലമായി ഒന്നും സ്വീകരിക്കുന്നില്ല. ആരിൽ നിന്നും ബുദ്ധിയുപദേശവും കൈക്കൊള്ളുന്നില്ല. പൗലോസ് ഈ വാക്യങ്ങളിലുടെ വ്യക്തമാക്കുന്നത് അനന്തമായ അപ്രമേയമായ ദൈവസ്നേഹം ദൈവം തന്റെ മഹത്വത്തിനായി നമ്മിലൂടെ വെളിപ്പെടുത്തി എന്നാണ്. അതുകൊണ്ടു തന്നെയാണ് നമ്മുടെ രക്ഷയെ നാം മുറുകെ പിടിക്കേണ്ടത്. നമ്മെപ്പോലെ പാപികളെ രക്ഷിച്ച് സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടൊപ്പം ഇരുത്താൻ ദൈവത്തിന് കഴിയും എന്നത് രക്ഷയിലൂടെ വെളിപ്പെടുന്ന ദൈവമഹത്വത്തെയാണ് സൂചിപ്പിക്കുന്നത്. പൗലോസ് പറയുന്നു: ഇസ്രയേൽ രക്ഷിക്കപ്പെട്ടില്ല എന്നുള്ളതുകൊണ്ട് ജാതികൾ പുകഴേണ്ട ആവശ്യമില്ല. എല്ലാവരോടും ദൈവം വെളിപ്പെടുത്തിയത് തന്റെ കരുണ മാത്രമാണ്. നമ്മെ എങ്ങനെ രക്ഷിച്ചുവോ അതേ കരുണ തന്നെ, ഇസ്രയേൽ മക്കളെയും ഒരു ദിവസം രക്ഷിച്ച് ക്രിസ്തുവിനനുരൂപരാക്കി മാറ്റും എന്ന് നമുക്കറിയാം. അതുകൊണ്ടു തന്നെ നമ്മുടെ തെരഞ്ഞെടുപ്പിൽ നാം പുകഴേണ്ട കാര്യമില്ല.

ദൈവം നമുക്ക് തന്ന നീതികരണത്തോടും വിശുദ്ധീകരണത്തോടുമുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് ഈ വാക്യങ്ങളിലൂടെ മനസ്സിലാക്കാം. രക്ഷയുടെ കാര്യത്തിൽ നമ്മൾ തന്നെ പ്രശംസിക്കുകയോ മറ്റുള്ളവരെ വിധിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നവരാകരുത്. നമുക്കും ഈ രക്ഷ ലഭിച്ചത് ദൈവകരുണ പ്രകാരം മാത്രമാണ് എന്നും, അതിന് എനിക്കുള്ള അതേ അർഹതയെ എല്ലാവർക്കും ഉള്ളൂ എന്നും, എന്റെ അർഹത കൊണ്ടല്ല കരുണ കൊണ്ടാണ് കിട്ടിയതെന്നും നാം എപ്പോഴും മനസ്സിലാക്കുകയും ഏറ്റു പറയുകയും ചെയ്യേണ്ടതാണ്. ഇത് തീർച്ചയായും ഒരു ശരിയായ കാഴ്ചപ്പാട് നമുക്ക് നൽകും. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നാം വിനയമുള്ളവരും കരുണ ലഭിച്ചവരും ദൈവത്തെ ആരാധിക്കുന്നവരും ആകും. ●



ജോർജ് മാത്യു, പുതുപ്പള്ളി

# അവിശ്വാസത്തിന്റെ ആത്മാവ് സാത്താനിൽ നിന്നുള്ളത്...

അവിശ്വാസികൾക്കു കർശനമായ ശിക്ഷാവിധിയാണ് വിശുദ്ധ ബൈബിൾ പ്രഖ്യാപിക്കുന്നത്. അവിശ്വാസവും ഭീരുത്വവും ഗുരുതരമായ പാപങ്ങളായി തിരുവചനം കണക്കാക്കുന്നു. ദൈവത്തിലുള്ള ആശ്രയമില്ലായ്മയാണ് ഇതിലൂടെ പ്രകടമാകുന്നത്. അവിശ്വാസത്തിനു വാതിൽ തുറന്നു കൊടുക്കുന്നതും അതിൽത്തന്നെ തുടർന്നുപോകുന്നതും നിർദോഷമായ കാര്യമായി നാം കരുതരുത്. ഭയാനകമായ ഭവിഷ്യത്താണ് തന്മൂലം ഉണ്ടാകുക. സ്വർഗ്ഗരാജ്യത്തിന്റെ കവാടങ്ങൾ നമ്മുടെ നേരെ അടഞ്ഞുപോകും.

അവിശ്വാസികൾക്കും ഭീരുക്കൾക്കും മേൽ തിരുവചനം പ്രഖ്യാപിക്കുന്ന ന്യായവിധി ഇങ്ങനെയാണ്: 'എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. അതു രണ്ടാമത്തെ മരണം'(വെളിപ്പാട് 21 : 8). നമ്മുടെ അവിശ്വാസത്തിനു സ്വയനീതീകരണം കണ്ടുപിടിച്ചിട്ടു കാര്യമില്ല. നമ്മെ സംബന്ധിച്ചിടത്തോളം വിശ്വസിക്കുക എന്നത് വിഷമമുള്ള കാര്യമാണെന്ന് നാം ന്യായീകരിച്ചേക്കാം. വിശ്വസിക്കാൻ കഴിയാത്തതിനു നമുക്കു നമ്മോടുതന്നെ അനുകമ്പയും തോന്നിയേക്കാം. 'ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ' (മർക്കൊസ് 11 : 22) എന്ന് യേശുകർത്താവ് പറഞ്ഞ വാക്കുകൾ നമുക്ക് ഏറ്റെടുക്കാം.

വിശ്വസിക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ അതു പാപമാണെന്ന് നാം തിരിച്ചറിയണം. നമ്മുടെ അഹങ്കാരമാണ് ഈ പാപത്തിൽ അന്തർലീനമായിരിക്കുന്നത്. അവിശ്വാസത്തിൽ നാം തുടരുന്നപക്ഷം ദൈവിക ന്യായവിധിയിൽ നിന്നു രക്ഷപ്പെടുവാൻ നമുക്കു കഴിയുകയില്ല. നാം ദൈവത്തോടു മത്സരിക്കുകയും ദൈവത്തെക്കാൾ നന്നായി നമുക്കെല്ലാം അറിയാമെന്നു ഭാവിക്കുകയുമാണ്. ശിക്ഷണം മൂലമുള്ള ശുദ്ധീകരണത്തിനായി നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുവാനും നാം സന്നദ്ധരാകുന്നില്ല. ശിക്ഷണത്തിലൂടെ ദൈവീകദാനങ്ങളാണ് നമ്മെ തേടിവരുന്നതെന്ന് നാം മനസിലാക്കുന്നില്ല.

നിഗളവും ദൈവാശ്രയമില്ലായ്മയും ക്രൂശു വഹിക്കാനുള്ള മടിയുമാണ് നമ്മുടെ ആത്മീയാധഃപ്പതനത്തിനു കാരണം. ദുർഘടം നിറഞ്ഞ വ്യക്തിത്വവും വീഴ്ചകളും നമ്മെ മത്സരബുദ്ധികളാക്കുന്നു. പുറമെ സൗമ്യത ഭാവിക്കുന്നെങ്കിലും ഹൃദയത്തിന്റെ ആഴത്തിൽ നാം ദൈവത്തോടു മത്സരിക്കുകയാണ്. വിഷമ സാഹചര്യങ്ങളെ നേരിടുമ്പോൾ ദൈവസ്നേഹത്തിൽ വിശ്വസിക്കാൻ കഴിയുന്നില്ല എന്നു പറഞ്ഞ് നാം നമ്മുടെ നീരസത്തെ ഉള്ളിൽ ഒതുക്കി വയ്ക്കുന്നു. ദൈവത്തിനു നമ്മിൽ പ്രവർത്തിക്കാനുള്ള അവസരത്തിനു നമ്മുടെ അവിശ്വാസം വിഘാതം സൃഷ്ടിക്കുന്നു. അതോടൊപ്പം മറ്റുള്ളവരുടെ മുമ്പാകെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കാൻ നാം അപ്രാപ്തരായിത്തീരുകയും ചെയ്യുന്നു. ദൈവരാജ്യത്തിനു വേണ്ടിയുള്ള നമ്മുടെ സേവനത്തിന്റെ ശക്തിയെ നമ്മുടെ അവിശ്വാസം അപഹരിച്ചു കളയുന്നു.

യേശുവിന്റെ ശിഷ്യന്മാരുടെ അനുഭവവും ഇതിൽ നിന്നു വിഭിന്നമായിരുന്നില്ല. എന്തുകൊണ്ടാണ് അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള

ദൈവീകശക്തി തങ്ങൾക്കു ലഭിക്കാത്തത് എന്ന് ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചപ്പോൾ യേശു നൽകിയ മറുപടി ഇങ്ങനെയായിരുന്നു: 'യേശു അവരോട്: നിങ്ങളുടെ അൽപവിശ്വാസം നിമിത്തമത്രേ' (മത്തായി 17 : 20). അവിശ്വാസം നമ്മെ ഈ ലോകത്തിൽ ദു:ഖിപ്പിക്കുകയും അന്ധകാരലോകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യും. ഈ അവിശ്വാസത്തിന് എതിരെ രക്തച്ചൊരിച്ചിലിനു വരെ തയാറായി പോരാടണം. നിത്യതയിൽ എത്തുവാൻ വേണ്ടി എന്തു വിലകൊടുത്തും ഈ പാപത്തിൽ നിന്നു നാം സ്വാതന്ത്ര്യം പ്രാപിക്കണം.

അവിശ്വാസത്തിനും അധൈര്യത്തിനും എതിരായ നമ്മുടെ പോരാട്ടത്തിൽ അത്യന്താപേക്ഷിതമായഒരു വസ്തുത ദൈവത്തിൽനിന്നു നമുക്ക് സ്നേഹവും സഹായവും ലഭിക്കാതെ പോകുന്നത് നമ്മുടെ കുറ്റം കൊണ്ടു തന്നെയാണെന്നുള്ള സത്യം മനസിലാക്കുന്നതാണ്. അവിശ്വാസം ദൈവത്തോടുള്ള നമ്മുടെ ബന്ധം തകർത്തുകളയുകയും ദൈവത്തിനെതിരായി ഒരു വേലിക്കെട്ട് ഉയർത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹമാകുന്ന അരുവി നമ്മിലേക്കു നിർബാധം പ്രവഹിക്കുന്നതിനു നമ്മുടെ അവിശ്വാസം തടസമായി ഭവിക്കുന്നു.


അവിശ്വാസത്തിന്റെയും അധൈര്യത്തിന്റെയും മനോഭാവം നാം വച്ചു പുലർത്തുന്നിടത്തോളം കാലം, ദൈവസ്നേഹത്തിനും നമുക്കായി വാഗ്ദത്തം നൽകിയിരിക്കുന്ന നല്ല ദാനങ്ങൾക്കും നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും ഒഴുകിവരാൻ സാധിക്കില്ല. യിസ്രയേൽ മക്കൾക്ക് മരുഭൂമിയിൽ വച്ചുണ്ടായ അനുഭവം തിരുവചനത്തിൽ നാം വായിക്കുന്നു. ദൈവം അവർക്കായി ഒരു വാഗ്ദത്തദേശം ഒരുക്കിയെങ്കിലും അവിശ്വാസം ഹേതുവായി അവർക്ക് അവിടെ പ്രവേശിക്കാൻ കഴിഞ്ഞില്ല. 'അതുകൊണ്ട് ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനു ഒത്തവണ്ണം വീഴാതിരിക്കേണ്ടതിനു നാം ആ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ ഉത്സാഹിക്കുക' (എബ്രായർ 4 : 11).

വീഴ്ചയിൽ അകപ്പെടാതിരിക്കേണ്ടതിനു നമ്മുടെ അവിശ്വാസത്തിന്റെ ഏറ്റവും ആഴത്തിലുള്ള അഹങ്കാരം ദൈവം നമുക്കു കാണിച്ചു തരുന്നതിനു അനുവദിക്കണം. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ അതു സമ്മതിക്കുന്നതാണ് അവിശ്വാസത്തെ കീഴടക്കുവാനുള്ള നമ്മുടെ സമരത്തിലെ ആദ്യപടി. വിനയമുള്ളവർക്കു മാത്രമേ പിതാവായ ദൈവത്തെ തന്റെ അനന്തവിശാലമായ സ്നേഹസ്വരൂപത്തിൽ ദർശിക്കുവാൻ സാധിക്കുകയുള്ളൂ. താഴ്മയുള്ളവർക്കേ അതിനുവേണ്ട ദൈവസഹായം സമൃദ്ധമായ അളവിൽ ലഭ്യമാകൂ. വിനയവും താഴ്മയും ഉള്ളവർക്കു മാത്രമേ ദൈവവാഗ്ദത്തങ്ങളെ മുറുകെപ്പിടിക്കുവാൻ സാധിക്കുകയുള്ളൂ.

വിശ്വസിക്കുവാൻ വിഷമം അനുഭവപ്പെടുകയും അധൈര്യപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ നമുക്ക് പരിശുദ്ധാത്മാവിന്റെ സഹായം തേടാം. എന്നേക്കും നമ്മോടുകൂടെ ഇരിക്കുന്നവനാണ് പരിശുദ്ധാത്മാവ് എന്ന് കർത്താവ് വാഗ്ദത്തം നൽകിയിട്ടുണ്ട്: 'എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും. അവിടുന്ന് സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും' (യോഹന്നാൻ 14 : 16).

വിശ്വസിക്കുക എന്ന ചുമതലയാണ് ഒരു ക്രിസ്ത്യാനിക്കു മുഖ്യമായും ചെയ്യേണ്ടത്. വിശ്വസിക്കാത്തവന് ക്രിസ്തുവിന്റെ അനുയായി ആകുക അസാദ്ധ്യമാണ്. താലന്തുകളുടെ ഉപമയിൽ യേശുകർത്താവ് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: 'യജമാനനെ, നീ കഠിന മനുഷ്യനെന്നു ഞാൻ അറിഞ്ഞിരുന്നു' എന്നു പറയുന്ന ദാസന് യജമാനൻ നൽകുന്ന ശിക്ഷ ഇങ്ങനെയാണ്: 'കൊള്ളരുതാത്ത ഈ ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളവീൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും' (മത്തായി 25:30). അവിശ്വാസത്തിന്റെയും വിദ്വേഷത്തിന്റെയും മൂർത്തീഭാവമായ സാത്താന്റെ രാജ്യത്തിലായിരിക്കും അവിശ്വാസികളുടെ ഓഹരിയെന്ന് ഈ ഉപമയിലൂടെ യേശുകർത്താവ് വ്യക്തമാക്കുകയാണ്.

വിശ്വാസത്തിന്റെ പ്രാധാന്യതയും അനിവാര്യതയും എന്താണെന്ന് വിശുദ്ധ വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. 'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു' (എബ്രായർ 11: 1) എന്നു എഴുതിയിരിക്കുന്നതോടൊപ്പം 'വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുവാനും' (12 : 2) എബ്രായലേഖനകർത്താവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. 'നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ ശോധനചെയ്യുവിൻ' (2 കൊരിന്ത്യർ 13 : 5) എന്ന് അപ്പൊസ്തലനായ പൗലൊസും നമ്മെ ആഹ്വാനം ചെയ്യുന്നു. അവിശ്വാസത്തിന്റെ ആത്മാവ് സാത്താനിൽ നിന്നു വരുന്നതാണെന്നു തിരിച്ചറിഞ്ഞ് 'വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി നമുക്കു പോരാടുകയും' (യൂദാ: 3) അതിൽ അവസാനത്തോളം നിലനിൽക്കുകയും ചെയ്യാം. •



രാജു അത്താണിക്കൽ

# യാഗവും യാഗപീഠവുമായ ക്രിസ്തു...

***കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്ക് അഹോവൃത്തി കഴിപ്പാൻ അവകാശമില്ലാത്ത ഒരു യാഗപീഠം നമുക്കുണ്ട്. മഹാപുരോഹിതൻ പാപപരിഹാരമായി രക്തം വിശുദ്ധമന്ദിരത്തിലേക്കു കൊണ്ടുപോകുന്ന മൃഗങ്ങളുടെ ഉടൽ പാളയത്തിനു പുറത്തുവച്ചു ചുട്ടുകളയുന്നു. അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തു വച്ചു കഷ്ടം അനുഭവിച്ചു (എബ്രായർ 13:10 - 12)***

യെഹൂദന്മാരുടെ ഉത്സവങ്ങളിൽ പരമപ്രധാനമായ ഒന്നായിരുന്നു മഹാപാപപരിഹാര യാഗം. അതർപ്പിക്കുന്ന ദിവസം യാഗമൃഗത്തിന്റെ മാംസം ആരും ഭക്ഷിക്കാതെ പാളയത്തിനു പുറത്തു വച്ച് തീയിൽ ദഹിപ്പിക്കണം എന്നായിരുന്നു പ്രമാണം (ലേവ്യ 6:30). ഒരു യാഗപീഠം മാത്രമാണ് യാഗമർപ്പിക്കുന്നതിനായി യഹൂദന് ദൈവം അനുവദിച്ചു കൊടുത്തിരുന്നത്. യേശു മാത്രമാണ് ഏക രക്ഷകൻ എന്നതിന്റെ നിഴലാണിത്. സമാഗമനകൂടാരത്തിലുള്ള ഉപകരണങ്ങളിൽ വച്ച് ഏറ്റവും വലുത് താമ്രയാഗപീഠമാണ്. ഖദിരമരം കൊണ്ട് ഉണ്ടാക്കിയിരുന്ന യാഗപീഠത്തെ താമ്രപാളികൾ കൊണ്ട് പൊതിഞ്ഞിരുന്നതിനാൽ താമ്രയാഗപീഠം എന്നും അറിയപ്പെട്ടിരുന്നു. ഖദിരമരപ്പലകകൾ ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും താമ്രപാളികൾ ദൈവത്വത്തെയും കാണിക്കുന്നു.നമ്മെ സംബന്ധിച്ചിടത്തോളം ഖദിരമരം നമ്മിലെ പഴയ മനുഷ്യനെയും താമ്രം ദൈവകോപത്തീയിൽ ദഹിച്ചു പോകാതെ നമ്മെ സംരക്ഷിക്കുന്ന ദൈവകൃപയെയും കാണിക്കുന്നു. യാഗപീഠം, സമാഗമന കൂടാരത്തിലുള്ള ഉപകരണങ്ങളിൽ ഏറ്റവും വലുത് ആയിരിക്കുന്നത് പോലെ, ക്രിസ്തു മറ്റാരേക്കാളും എന്തിനേക്കാളും വലിയവൻ എന്നത് വ്യക്തമാക്കുന്നു. യേശുവിന്റെ തന്നെ വാക്കുകളിൽ താൻ, അബ്രഹാമിനെക്കാളും, ശലോമോനെക്കാളും, യോനയെക്കാളും, ദൈവാലയത്തെക്കാളും, ശബത്തിനേക്കാളും, യാഗപീഠത്തേക്കാളും വലിയവൻ എന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

യാഗപീഠത്തിൽ യാഗമൃഗം എരിയുന്നത് എല്ലവർക്കും ദൃശ്യമാകത്തക്ക നിലയിൽ മൂന്നു മുഴം അഥവാ നാലര അടി ഉയരത്തിൽ ആയിരുന്നു. പുതിയനിയമ സഭയെ സംബന്ധിച്ചിടത്തോളം കാൽവറിക്രൂശിൽ പരമയാഗമായിത്തീർന്ന ക്രിസ്തുവിന്റെ പാപപരിഹാര യാഗം, എനിക്കുവേണ്ടി ആയിരുന്നു എന്ന് ഓരോരുത്തർക്കും വിശ്വാസക്കണ്ണുകളാൽ കണ്ടു ബോധ്യപ്പെടേണ്ടതിനു ആയിരുന്നു . പുതിയനിയമ സഭയ്ക്ക് യഹൂദന്മാർക്കു ഉണ്ടായിരുന്നത് പോലെ ദൃശ്യമായ ഒരു യാഗപീഠം നല്കപ്പെട്ടിട്ടില്ല. ആദിമസഭയ്ക്ക് ദൃശ്യമായ ദൈവാലയമോ യാഗപീഠമോ പുരോഹിതന്മാരോ പൗരോഹിത്യ വസ്ത്രങ്ങളോ യാഗങ്ങളോ ഒന്നുമില്ല എന്ന് പറഞ്ഞ് യഹൂദന്മാർ സഭയെ പരിഹസിച്ചിരുന്നത് അവർക്കു വളരെ വേദന ഉളവാക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തു, യാഗപീഠത്തെക്കാളും ദൈവാലയത്തെക്കാളും വലിയവനെന്നു എബ്രായ സഭയ്ക്ക് അപ്പോസ്തലൻ ബോധ്യമാക്കിക്കൊടുക്കുന്നത്.

ഒരു നവജാത ശിശുവിന്റെ വളർച്ചയ്ക്ക് ആവ

ശ്യമായ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യപാനീയങ്ങൾ അനിവാര്യമായിരിക്കുന്നതുപോലെ ദൈവവചനത്താൽ വീണ്ടും ജനിച്ച ഒരു ദൈവപൈതലിന് തിരുവചനത്തിലെ മായമില്ലാത്ത പാലാകുന്ന ലളിതസത്യങ്ങളും, കട്ടിയയായ ആഹാരമാകുന്ന ആഴമേറിയ സത്യങ്ങളും സമയാസമയങ്ങളിൽ പകർന്നു നൽകേണ്ടതാണ്. അല്ലാത്തപക്ഷം വളർച്ചയ്ക്ക് പകരം വരണ്ട അവസ്ഥയായിരിക്കും അനുഭവപ്പെടുന്നത്. ആത്മിക ആഹാരം എന്ന നിലയിൽ നമുക്കുവേണ്ടി കാൽവറിക്രൂശിൽ നമ്മുടെ പകരക്കാരനായി പാപയാഗമായിത്തീർന്ന ക്രിസ്തു ജീവന്റെ അപ്പമാണ്. ഞാൻ ജീവന്റെ അപ്പമെന്നും എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കുമെന്നും ആണ് ക്രിസ്തു തിരുവായ്മൊഴിഞ്ഞത്.

പാളയത്തിന് പുറത്ത് അഥവാ നഗരവാതിലിനു പുറത്തുവച്ചു ഒരു കുറ്റക്കാരൻ എന്നപോലെ ക്രിസ്തു കഷ്ടം അനുഭവിച്ചു മരിച്ചു. അതായത് ദൈവദൂഷണം പറയുന്നവന്റെയും ന്യായപ്രമാണം ലംഘിക്കുന്നവന്റെയും സ്ഥാനവും, ശിക്ഷ നടപ്പാക്കേണ്ടതും പാളയത്തിന് പുറത്തുവച്ചായിരുന്നു. ഒരു വിശ്വാസിയുടെ സ്ഥാനം പാളയത്തിനു പുറത്തു ക്രിസ്തുവിന്റെ നിന്ദയിലും അപമാനത്തിലും പങ്കുകൊണ്ട്, യേശുവിന്റെ അതേ കാൽച്ചുവടുകളെ അനുഗമിക്കുന്നതിലാണ്. അതു സന്തോഷത്തോടും അഭിമാനത്തോടും കൂടി ചെയ്യുവാൻ നാം ജാഗ്രത പുലർത്തേണ്ടതാണ്.

യേശുവെന്ന ഒരേയൊരു മനുഷ്യന് മാത്രം മരണം അനിവാര്യമായിരുന്നില്ല. എങ്കിലും മനുഷ്യന്റെ നിസ്സഹായാവസ്ഥ അവിടുന്ന് മനസിലാക്കിയിട്ട് സ്വന്ത തീരുമാനപ്രകാരം നമുക്കുവേണ്ടി സ്വന്തജീവനെ മറുവിലയായി കൊടുക്കുവാൻ നമ്മിലൊരുവനെപ്പോലെ ആകേണ്ടതിനു സ്വർഗ്ഗീയമഹിമകളെല്ലാം വെടിഞ്ഞു തന്നെത്താൻ ശൂന്യനാക്കി മനുഷ്യനായി ജന്മമെടുത്തു. പാപമൊഴികെ സർവ്വത്തിലും അവിടുന്ന് നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടു. വാക്കിലും ചിന്തയിലും പ്രവർത്തിയിലും അവിടുന്ന് കുറ്റമറ്റ ജീവിതം നയിച്ചു. ലോകത്തിന്റെ പാപങ്ങളെ ചുമന്നൊഴിക്കുന്ന കുഞ്ഞാടായി, നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട്, നമ്മുടെ മേൽ വരേണ്ടിയിരുന്ന ശിക്ഷ ഏറ്റെടുത്തു ക്രൂശിൽ മരിച്ചതിനാലും നമുക്ക് പകരമായി ശപിക്കപ്പെട്ടവനെപ്പോലെഒരുശാപ മരണമേറ്റെടു ത്തതിനാലും ആണ് യേശുവിന്റെ മരണത്തെ നമുക്ക് വേണ്ടിയുള്ള പ്രതിപകര യാഗമെന്നു പറയുന്നത്.

**ദൈവദൂഷണം പറയുന്നവന്റെയും ന്യായപ്രമാണം ലംഘിക്കുന്നവന്റെയും സ്ഥാനവും, ശിക്ഷ നടപ്പാക്കേണ്ടതും പാളയത്തിന് പുറത്തുവച്ചായിരുന്നു. ഒരു വിശ്വാസിയുടെ സ്ഥാനം പാളയത്തിനു പുറത്തു ക്രിസ്തുവിന്റെ നിന്ദയിലും അപമാനത്തിലും പങ്കുകൊണ്ട്, യേശുവിന്റെ അതേ കാൽച്ചുവടുകളെ അനുഗമിക്കുന്നതിലാണ്.**

നമ്മുടെ അതിക്രമങ്ങൾക്കുള്ള ശിക്ഷയായിട്ടു അവിടുന്ന് തന്റെ ജീവനെ സ്വമനസ്സാലെ വെടിഞ്ഞു.

അനേകരും ക്രിസ്തുവിനെയും തന്റെ ഉപദേശങ്ങളെയും ബഹുമാനിക്കുന്നവരും ആദരിക്കുന്നവരുമാണ്. എന്നാൽ, ക്രിസ്തുവിനെ കർത്താവും രക്ഷിതവുമായി അംഗീകരിച്ചു തന്റെ മുമ്പാകെ മുട്ട് മടക്കുന്നവർചുരുക്കമാണ്. പാപരഹിതമായ ഒരു ജീവിതം നയിക്കുകയും നമുക്ക് പകരമായി ക്രൂശിൽ മരിക്കുകയും ചെയ്ത നിസ്തുല്യനായ യേശുവിന്റെ മാഹാത്മ്യം ഗ്രഹിക്കുമ്പോൾ അത്ഭുതവാനായ എന്റെ സ്വന്ത രക്ഷകനെന്നു അവകാശപ്പെടുവാൻ നമുക്ക് കഴിയുന്നുണ്ടോ?

യാഗപീഠത്തിലെ മാംസം പുരോഹിതന്റെ ദിനേനയുള്ള ഭക്ഷണമായിരിക്കുന്നതു പോലെ നമ്മുടെ യാഗവും യാഗപീഠവുമായ ക്രിസ്തുവിന്റെ വചനങ്ങൾ ദിനേന ഭക്ഷിച്ച് ആത്മീയപുഷ്ടിയുള്ളവരായി ക്രിസ്തുവിന്റെ തലയോളം വളരുവാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. ഈ ലോകത്തിൽ ലഭിച്ചിരിക്കുന്ന ഒരു പുരുഷായുസുകൊണ്ട് നാം പ്രാപിക്കേണ്ട ആത്മികവളർച്ചയാണ് ക്രിസ്തുവിന്റ എല്ലാ നിറവിനോളം നിറയുക എന്നത്. നമ്മുടെ യാഗപീഠമായ ക്രിസ്തുവിന്റെ രക്തം ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്നതാകയാൽ, സകല പാപങ്ങളെയും പോക്കി നമ്മെ ശുദ്ധീകരിക്കുന്ന തിരുവെഴുത്തു നമ്മുടെ ആത്മീക ആഹാരമായിരിക്കട്ടെ. നമ്മുടെ ആത്മികജീവിതം ദൈവപ്രസാദമുള്ളതും ശത്രുവിന്റെ മേൽ ജയം കൊള്ളുന്നതും ദൈവത്തോടുള്ള നിത്യ ഉടമ്പടിയും ആയിരിക്കേണ്ടതിനു സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●

# ആത്മിക നിഗളത്തിന്റെ ഭവിഷ്യത്തുകൾ

റെജി പി. മാത്യു

ലൂസിഫർ നിഗളം നിമിത്തം സാത്താനായി. അവനോടൊപ്പം ദൈവത്തിനെതിരായി ഒരു കൂട്ടം ദൂതന്മാരും മത്സരിച്ചു. അതിനുള്ള കാരണംദൈവം തങ്ങൾക്ക് നല്കിയ പദവിയിലുള്ള അസംതൃപതിയും ദൈവത്തോടു സമമാകണമെന്നുള്ള ദുരാഗ്രഹവുമായിരുന്നു. ആദിമാതാപിതാക്കൾ സാത്താനാൽ വഞ്ചിക്കപ്പെട്ട് പാപത്തിൽ അകപ്പെട്ടതിനു പിന്നിലും അവിശ്വാസം എന്ന പാപം കാണുവാൻ കഴിയും. വിലക്കപ്പെട്ട കനി തിന്നാൽ കണ്ണു തുറന്ന് നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെയാകും എന്ന സാത്താന്റെ നുണ വിശ്വസിച്ച് ദൈവം തങ്ങൾക്ക് നൽകിയിരുന്ന സ്ഥാനങ്ങളിൽ തൃപ്തരാകാതെ കണ്ണ് തുറന്ന് ദൈവത്തെപ്പോലെയാകുവാനുള്ള ആഗ്രഹത്തിൽ ഹവ്വ വൃക്ഷഫലം പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു.


പൗലൊസ് തിമൊഥെയോസിനു ലേഖനമെഴുതുമ്പോൾ സഭാധ്യക്ഷന്മാരുടെ നിയമനത്തെ കുറിച്ച് ഇപ്രകാരം എഴുതി: 'നിഗളിച്ചിട്ട് പിശാചിനു വന്ന ശിക്ഷാവിധിയിലകപ്പെടാതിരിക്കാൻ പുതിയ ശിഷ്യനുമരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിക്കാൻ പുറമേയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കേണം'. എങ്ങനെയും ബൈബിൾകോളേജ് പഠനം പൂർത്തിയാക്കി ഏതെങ്കിലുമൊരു നല്ല സഭയിൽ കയറിപ്പറ്റിയാൽ പല പുതുശിഷ്യന്മാരുടെയും ചിന്ത എങ്ങനെ സഭാനേതൃത്വങ്ങളിൽ കടന്നുകൂടാം എന്നാണ്.

ഇന്നത്തെ ഭൗതികലോകത്തിലെ വ്യവസ്ഥകൾക്ക് വിപരീതമാണ് സ്വർഗ്ഗരാജ്യത്തിലെ വ്യവസ്ഥകൾ, പുതിയനിയമം നന്നായി പഠിക്കുന്ന ഒരു വ്യക്തിക്ക് ഇത് മനസ്സിലാക്കുവാൻ കഴിയും. ലോകത്തിൽ തന്നെത്താൻ ഉയർത്തുന്നവൻ ഉയർത്തപ്പെടുന്നു. തങ്ങളുടെ ഇടയിൽ വലിയവൻ ആര് എന്നതിനെച്ചൊല്ലി ശിഷ്യന്മാരുടെ ഇടയിൽ തർക്കമുണ്ടായപ്പോൾ യേശു പറഞ്ഞത്; 'തന്നെത്താനുയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും' എന്നാണ്.

ആത്മീയനിഗളം ഒരുവനിൽ പല കാരണങ്ങളാലുണ്ടാകാം. ശുശ്രൂഷാത്തിരക്കിൽ രഹസ്യ പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനും കോട്ടം സംഭവിക്കുകയും ശുശ്രൂഷകൾക്കായി മുന്നോട്ടു പോവുകയും ചെയ്യുമ്പോൾ ഒരുവനിൽ ആത്മീയ നിഗളമുണ്ടാകുന്നു. കൃപാവരങ്ങളുടെ ശുശ്രൂഷ ചെയ്യുന്ന ഒരു വ്യക്തി താൻ മറ്റുള്ളവരെക്കാൾ വിശുദ്ധനും, വിശ്വസ്തനും, ശ്രേഷ്ഠനുമാണ്. അതുകൊണ്ടാണ് മറ്റുള്ളവർക്ക് ലഭിക്കാത്ത ശുശ്രൂഷ എനിക്ക് ലഭിച്ചത് എന്ന് തങ്ങളുടെ യോഗ്യതയിൽ അഭിമാനം കൊള്ളുമ്പോൾ ആ അഭിമാനം ആത്മീയ നിഗളമായി മാറുന്നു. ദൈവം ഒരുവന്, കൃപാവരങ്ങൾ നല്കുന്നത് ആ വ്യക്തിയുടെ ഒരു യോഗ്യതയും നോക്കിയല്ല, മറിച്ച് ദൈവകൃപയാൽ ദൈവം ആ വ്യക്തിയെ തെരഞ്ഞെടുത്തതു കൊണ്ടാണ്. തന്റെ യോഗ്യതകളും കഴിവുകളും കൊണ്ടാണ് താൻ ദൈവത്താൽ ഉപയോഗിക്കപ്പെടുന്നത് എന്നുള്ള ചിന്ത വരുമ്പോൾത്തന്നെ ആ വ്യക്തിയിൽ ആത്മീയ നിഗളം ആരംഭിക്കുന്നു. ദൈവം ശുശ്രൂഷയിൽ ശക്തമായി ഉപയോഗിക്കുമ്പോൾ തന്നിൽത്തന്നെ പ്രസാദിക്കുക, ദൈവത്തിനു കൊടുക്കേണ്ട മഹത്വം സ്വയം ഏറ്റെടുക്കുക, ജനത്തെ ക്രിസ്തുവിലേക്ക് നയിക്കേണ്ടതിനു പകരം തങ്ങളിലേക്ക് ആകർഷിക്കുക. ദൈവം പ്രാർത്ഥന കേട്ട് രോഗിയെ സൗഖ്യമാക്കുമ്പോഴും, യേശുവിന്റെ നാമത്തിൽ ഭൂതങ്ങൾ പുറത്തു പോകുമ്പോഴും, ആത്മാക്കൾ സഭയിൽ വരുവാൻ തുടങ്ങുമ്പോഴും അത് താൻ കാരണമാണെന്ന് ചിന്തിച്ച് സ്വയംപ്രശംസ നടത്തുക മു

ശേഷം പേജ 29 ▶





ഡോ. സുജിത്ത് സൈമൺ

# ഫോണുപയോഗവും നിയന്ത്രണങ്ങളും

**മൊ**ബൈൽ ഫോണിന്റെ അഡിക്ഷനെ നിയന്ത്രിക്കുകയും അതിജീവിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമായ ഒരു വസ്തുതയാണ്. ഫോണും സമാനസംവിധാനങ്ങളും മിതമായി മാത്രം ഉപയോഗിക്കുന്ന ജീവിതശൈലി നാം കൈവരിക്കേണ്ടതാണ്. ഇതുമൂലം ഉറക്കം, വ്യക്തിബന്ധം, കാര്യക്ഷമത, ഏകാഗ്രത, മാനസികവും ശാരീരികവുമായ ആരോഗ്യം എന്നിങ്ങനെ നിരവധി മേഖലകളിൽ ആരോഗ്യകരമായ പ്രയോജനം കൈവരിക്കുവാൻ കഴിയും. മറ്റുപല ശീലങ്ങളെയും പോലെ പടിപടിയായി ആർജിച്ചെടുക്കേണ്ടതും ശ്രദ്ധാപൂർവ്വം നിലനിർത്തേണ്ടതും ആയ ഒന്നാണ് ഇത്. പ്രായോഗികമാക്കുവാൻ താൽപ്പര്യവും തീരുമാനവും ഉള്ളവർക്ക് നടപ്പിലാക്കാവുന്ന ചില കാര്യങ്ങളെക്കുറിച്ചു ഈ ലക്കത്തിൽ ചിന്തിക്കാം.

മൂന്ന് വയസു വരെയുള്ള കുട്ടികൾക്ക് മൊബൈൽ ഫോൺ നൽകാനേ പാടില്ല. മുന്ന് വയസിൽ തഴെയുള്ള കുട്ടികൾക്ക് അവർ കാണുന്നതോ മനസിലാക്കുന്നതോ ആയ കാര്യങ്ങൾ തലച്ചോറിൽ ശേഖരിച്ചു വയ്ക്കാനുള്ള കഴിവ് കുറവായിരിക്കും. അതുകൊണ്ടാണ് ചെറുപ്പകാലത്തെ പല കാര്യങ്ങളും ഓർമയിലുണ്ടെങ്കിലും മൂന്ന് വയസിൽ താഴെയുള്ള കാര്യങ്ങൾ ഓർത്തെടുക്കാൻ കഴിയാത്തത്. തലച്ചോറിൽ ഓർമയുടെ ഭാഗം വളർന്നു വരുന്ന പ്രായമായതിനാൽ കുട്ടികൾ വാശി പിടിക്കുന്ന സമയത്ത് പെട്ടന്ന് തന്നെ മൊബൈൽ ഫോൺ കൊടുക്കുന്നത് അവരുടെ ബുദ്ധിശേഷിയെ ദോഷമായി ബാധിക്കും. കാര്യങ്ങൾ മനസിലാക്കാനുള്ള അവരുടെ കഴിവ് ഇല്ലാതാവുന്നതിലൂടെ അവരുടെ പിടിവാശി കൂടുകയും വീടുകളിൽ നിന്നുപോലും ഇത്തരം കുട്ടികൾ അകന്നു പോകാൻ കാരണമാവുകയും ചെയ്യുന്നു.

3 മുതൽ 8 വയസുവരെയുള്ളവർക്ക് പരമാവധി അര മണിക്കൂർ മാത്രമേ ഫോൺ അനുവദിക്കാവു. കാരണം തലച്ചാറിന്റെ ഇടതുവശമാണ് ഒരാളുടെ ബുദ്ധിപരമായ കഴിവുകൾ വളർത്തുന്നതും അതിനെ നിയന്ത്രിക്കുന്നതുമായ ഭാഗം. ഗണിതശാസ്ത്രം, മറ്റു ശാസ്ത്രവിഷയങ്ങൾ തുടങ്ങിയവയിലും മറ്റു കാര്യങ്ങളിലും ബുദ്ധി കൂടുതലുപയോഗിക്കണമെങ്കിൽ തലച്ചോറിന്റെ ഇടതു ഭാഗത്തിന്റെ വളർച്ച അത്യാവശ്യമാണ്. ഗെയിം കളിക്കുവാൻ കൂടുതലായി മൊബൈൽഫോൺ ഉപയാഗിക്കുന്ന കുട്ടികളിൽ വലതുവശം കൂടുതൽ വളർച്ച പ്രാപിക്കുകയും, ഇടതുവശത്തിന്റെ വളർച്ച സ്വാഭാവികമായി കുറയുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർക്ക് ജീവിതത്തിൽ സ്വന്തമായി ഒരു തീരുമാനം എടുക്കാൻ സാധിക്കില്ലെന്ന് പഠനങ്ങൾ പറയുന്നു. ഇത്തരക്കാർക്ക് കാര്യങ്ങൾ കൃത്യമായി മനസിലാക്കി എടുക്കാൻ സാധിക്കില്ല. കൂടാതെ സയൻസ് വിഷയങ്ങളോടുള്ള താൽപര്യവും അതുമായി ബന്ധപ്പെട്ട ഗ്രഹണശേഷിയും കുറവായിരിക്കും. അതുകൊണ്ടാണ് ഈ പ്രായത്തിനിടയിലുള്ളവർക്ക് മൊബൈൽഫോൺ ഒരു ദിവസം അരമണിക്കൂറിൽ കൂടുതൽ നൽകാൻ പാ ടില്ല എന്നു പറയുന്നത്.

കുട്ടികളുടെ മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മൂലം കൃത്യസമയത്ത് പ്രധാന കാര്യങ്ങൾ ചെയ്ത് തീർക്കണമെന്ന തീരുമാനം ഇല്ലാ

താവുന്നു. അവരുടെ ഏകാഗ്രത നഷ്ടപ്പെടുന്നതിനാലാണ് ഇത്. അതുകൊണ്ട് തന്നെ അൽപ നേരത്തേക്കുള്ള വീഡിയോ ഗെയിം ദിവസങ്ങൾ കൂടും തോറും രാപ്പകൽ എന്ന വ്യത്യാസമില്ലാതെ വർധിക്കുകയും അനന്തരഫലമായി ആത്മസംയമനം പാലിക്കാൻ സാധിക്കാതെയും വരുന്നു..

**ഇത് മൂലം ഉണ്ടാവുന്ന പ്രശ്നങ്ങൾ**

- ഉറക്കക്കുറവ് ഉണ്ടാകുന്നു
- മറ്റുള്ളവരിൽ നിന്നും അകലാൻ ശ്രമിക്കുന്നു.
- ഭക്ഷണത്തോടു പോലും വിരക്തി കാണിക്കുന്നു.
- വാശി, സമ്മർദം എന്നിവ ഇത്തരം കുട്ടികളിൽ വർധിക്കുന്നു
- തലവേദന, കഴുത്തുവേദന എന്നിവ ക്രമേണ അനുഭവപ്പെടുന്നു.

**രക്ഷിതാക്കൾക്ക് എന്തൊക്കെ നിയന്ത്രിക്കാം?**

- കുട്ടികളുടെ ഫോണിൽ എന്തൊക്കെ ആപ്ലിക്കേഷനാണുള്ളത്, ഓരോ ആപ്ലിക്കേഷനും കുട്ടികൾ എത്ര സമയം ഉപയോഗിക്കുന്നുണ്ട് എന്നും രക്ഷിതാക്കൾ ശ്രദ്ധിക്കണം. ആപ്ലിക്കേഷനുകളുടെ നിയന്ത്രണം രക്ഷിതാക്കൾക്കായിരിക്കണം. ഇതുവഴി ഏതൊക്കെ ആപ്ലിക്കേഷൻ, എത്ര സമയം ഉപയോഗിക്കണമെന്ന് രക്ഷിതാക്കൾക്ക് തീരുമാനിക്കാം.
- കുട്ടികളുടെ ഫോണിരിക്കുന്ന ലൊക്കേഷൻ രക്ഷിതാക്കൾ കാണത്തക്ക ഇടത്തായിരിക്കണം.
- കുട്ടികൾ എത്രസമയം ഫോൺ ഉപയോഗിക്കണമെന്ന് വളരെ സ്നേഹത്തോടെ കുട്ടികളെ പറഞ്ഞു മനസിലാക്കുവാൻ പരമാവധി ശ്രമിക്കണം.
- അവരുടെ ദിനചര്യകൾ, ഹോംവർക്ക്, സമയത്തു സ്കൂളിൽ പോകാൻ ഒരുങ്ങുക എന്നിവയ്ക്ക് മുഖ്യ പരിഗണന നൽകുക. മുതിർന്നവരും ഇക്കാര്യങ്ങളിൽ കുഞ്ഞുങ്ങൾക്ക് മാതൃക ആയിരിക്കണം.

ഇവ ജീവിതത്തിൽ കരഗതമാക്കുന്നതിനു നിശ്ചയദാർഢ്യത്തോടെ, എടുക്കുന്ന തീരുമാനങ്ങളിൽ നിലനിൽക്കും എന്ന ശക്തമായ നിലപാട് ഓരോരുത്തരും സ്വീകരിക്കേണ്ടതും പ്രായോഗികമാക്കേണ്ടതുമാണ്. ഉദാഹരണമായി പ്രവാസത്തിലേക്കു പോയ ദാനിയേലും കൂട്ടുകാരും രാജകീയ ഭോജനം കൊണ്ടും, വീഞ്ഞുകൊണ്ടും തങ്ങളെത്തന്നെ അശുദ്ധരാക്കുകയില്ല എന്ന തീരുമാനത്തിൽ അചഞ്ചലരായി ഉറച്ചു നിന്നു. അവരുടെ മാതാപിതാക്കളോ അധ്യാപകരോ മറ്റു മുതിർന്നവരോ ആരും അവരെ ശ്രദ്ധിക്കുവാനില്ലാത്ത സാഹചര്യത്തിലാണ് വിശുദ്ധിക്ക് കോട്ടം തട്ടുന്നതൊന്നും തങ്ങൾ ചെയ്യുകയില്ല എന്ന തീരുമാനം എടുത്തു അതിൽ നിലനിന്നത്. മനുഷ്യരാരും കാണുന്നില്ലെങ്കിലും തങ്ങളെ കാണുന്ന ദൈവത്തെ വേദനിപ്പിക്കുവാനവരുടെ മനസും ഹൃദയവും അനുവദിച്ചില്ല. ഇതായിരുന്നു അവരെടുത്ത തീരുമാനത്തിൽ നിലനിൽക്കുന്നതിനു അവരെ സഹായിച്ച രഹസ്യം. ഇത് പോലെ ഫോണിൽ അനാവശ്യമായി സമയം ചിലവഴിച്ചു നാം ചെയ്യുന്ന ദോഷകരമായ ഏതു കാര്യവും ദൈവം കാണുന്നു എന്നും, ഒരുനാൾ നാം അതിനു കണക്കു ബോധിപ്പിക്കേണ്ടവരാണെന്നും ഉള്ള ബോധ്യം നമ്മിലും ശക്തമായിരിക്കണം. അങ്ങനെയെങ്കിൽ ദാനിയേലിനെപ്പോലെ നമുക്കും സുനിശ്ചിതമായ വിജയം കൈവരിക്കാനാകും.

രേഖാബ്യ ഗൃഹത്തിന്റെ വിശ്വസ്തതയ്ക്കു അവർക്കനുഗ്രഹം വാഗ്ദത്തം ചെയ്യപ്പെട്ട സംഭവം അവരുടെ ഉറച്ച തീരുമാനത്തിന്റെ അനന്തരഫലമായിരുന്നു. യിരെമ്യാപ്രവചനം 35-ാം അധ്യായത്തിൽ ഇത് വിവരിച്ചിരിക്കുന്നു.

യേഹൂ രാജാവിന്റെ കാലത്തു രേഖാബിന്റെ മകനായ യോനാദാബിന്റെ സന്തതിപരമ്പരകളാണ് രേഖാബ്യഗൃഹം. അവരെ എല്ലാവരെയും യഹോവയുടെ ആലയത്തിൽ പ്രഭുക്കന്മാരുടെ മുറിക്കരികെ കൂട്ടി വരുത്തി അവരുടെ മുമ്പിൽ വീഞ്ഞ് നിറച്ച കുടങ്ങളും പാനപാത്രങ്ങളും വച്ച് വീഞ്ഞ് കുടിക്കുവാൻ അവരെ നിർബന്ധിച്ചു. എങ്കിലും ഞങ്ങൾ വീഞ്ഞ് കുടിക്കുകയില്ല, ഞങ്ങളുടെ പിതാവ്, നിങ്ങൾ ചെന്നു പാർക്കുന്ന ദേശത്തു ദീർഘായുസോടെ ഇരിക്കേണ്ടതിനു നിങ്ങളും നിങ്ങളുടെ മക്കളും ഒരിക്കലും വീഞ്ഞ് കുടിക്കരുതെന്നു ഞങ്ങളോട് നിർബന്ധമായും കല്പിച്ചിട്ടുണ്ട്. ആകയാൽ ഞങ്ങളുടെ ജീവകാലത്തൊരിക്കലും വീഞ്ഞു കുടിക്കുകയില്ല എന്നവർ ഉറപ്പിച്ചു പറഞ്ഞു. ഇവിടെ അവരെടുത്ത തീരുമാനവും അതിലവർ നിലനിന്നതും അവർക്കും അവരുടെ തലമുറകൾക്കും വലിയ അനുഗ്രഹത്തിന് കാരണമായി എന്നത് നമുക്ക് വലിയ ബുദ്ധി ഉപദേശമാണ് നൽകുന്നത്. ഇതിന്റെ വെളിച്ചത്തിൽ നാം മനസിലാക്കേണ്ട സുപ്രധാനമായ രണ്ടു കാര്യങ്ങൾഅനുയോജ്യമായ തീരുമാനം എടുക്കുക എന്നതും അതിൽ നിലനിൽക്കുക എന്നതുമാണ്.

●



ഡേവിഡ് വിൽക്കേഴ്സൺ

# വരങ്ങളെക്കാൾ പ്രധാനം ഫലങ്ങൾ

**1907**ൽ ലോസ്ഏഞ്ചൽസിലെ അസൂസ സ്ട്രീറ്റിൽ നടന്ന പരിശുദ്ധാത്മ വ്യാപാരത്തിന്റെ ദൃക്സാക്ഷിയായിരുന്നു ഫ്രാങ്ക് ബാർട്ടിൽമാൻ. അസൂസ സ്ട്രീറ്റ് റിവൈവലിന്റെ റിപ്പോർട്ടർ എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഏകദേശം 75 വർഷങ്ങൾക്ക് മുമ്പ്, പരിശുദ്ധാത്മാവിന്റെ പകർച്ചയുടെ സമയത്ത്, ക്രിസ്തുവില്ലാത്ത ഒരു പെന്തക്കോസ്ത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ട് അദ്ദേഹം ഒരു ലഘുലേഖ എഴുതി.

അദ്ദേഹം മുന്നറിയിപ്പ് നൽകി: 'ക്രിസ്തുവില്ലാതെ നമുക്ക് ഒരു ഉപദേശം പഠിപ്പിക്കുവാനോ, അത് പ്രായോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കുവാനോ കഴിയുകയില്ല. അത്ഭുതങ്ങൾ ചെയ്യാനും ജനങ്ങളുടെ ശ്രദ്ധയും ആരാധനയും തങ്ങളിലേക്കു ആകർഷിക്കാനും, അങ്ങനെ ക്രിസ്തുവിന്റെ മഹത്വം കവർന്നെടുക്കാനും അധികാരം തേടാനും പലരും ശ്രമിക്കും.ആത്മികത എന്ന് തോന്നിപ്പിക്കുന്ന ചില പ്രകടനങ്ങൾ മതപരമായ ആവേശം പ്രചരിപ്പിക്കുന്നതിന് സഹായകമായേക്കാം. ആത്മികത എന്ന ഭാവേന തങ്ങളെത്തന്നെ ഉയർത്തിക്കാട്ടുവാൻ മനുഷ്യനിലൊരു പ്രവണതയുണ്ട്. എന്നാൽ നമ്മുടെ ജീവിതം ക്രിസ്തുകേന്ദ്രീകൃതം തന്നെ ആയിരിക്കണം, ഏറ്റവും വലിയ ആവശ്യം സൗമ്യതയും താഴ്മയും ഉള്ള യേശുവിന്റെ യഥാർത്ഥ അനുയായികൾ ആയി ജീവിതം കൊണ്ട് യേശുവിനെ മറ്റുള്ളവർക്ക് വെളിപ്പെടുത്തുക എന്നതാണ്. യേശുവിനേക്കാൾ അധികം പരിശുദ്ധാത്മ വരങ്ങൾക്കു പ്രാമുഖ്യം നൽകുന്നത് ആത്യന്തികമായി മതഭ്രാന്തായി പരിണമിക്കും. യേശുവിനെ ഉയർത്താനും സ്നേഹിക്കാനും നമ്മെ പ്രേരിപ്പിക്കുന്നതെന്തും സ്വസ്ഥതയിലേക്കും സുരക്ഷിതത്വത്തിലേക്കും ആത്മാവിന്റെ ഫലങ്ങളിലേക്കും നമ്മെ നയിക്കും. ഇതിനു വിപരീതമായി സ്വയം ഉയർത്തുന്ന തരത്തിൽ പഠിപ്പിക്കുകയും ജനത്തെ നയിക്കുകയും ചെയ്താൽ തങ്ങൾക്കും മറ്റുള്ളവർക്കും നാശമായിരിക്കും ഫലം.

പരിശുദ്ധാത്മാവ് യഥാർത്ഥ വെളിച്ചമായി എപ്പോഴും യേശുവിനെ വെളിപ്പെടുത്തി കേന്ദ്രബിന്ദുവായി കാണുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. ഇത് ഒരു വലിയ ജീവിത രൂപാന്തരത്തിലേക്കു, അതായതു ക്രിസ്തുവിനോട് അനുരൂപരാക്കി ഏവരെയും മാറ്റുന്നു. പരിശുദ്ധാത്മാവ് നിയന്ത്രിച്ചു നയിക്കുന്ന കൂടിവരവുകളുടെ, അതായതു സഭകളുടെ തല ക്രിസ്തുവായിരിക്കും.പരിശുദ്ധാത്മാവ് കാര്യസ്ഥനായി ഓരോ വ്യക്തിയെയും അനുനിമിഷവും വഴിനടത്തും.

ബാർട്ടിൽമാൻ മറ്റൊരു മുന്നറിയിപ്പ് നൽകുന്നത്: ആത്മികമെന്ന വ്യാജേന നടത്തുന്ന ബാഹ്യ പ്രകടനങ്ങൾ യാതൊരു ആത്മിക വർധനയും വരുത്തുന്നില്ല എന്ന് മാത്രമല്ല, മറിച്ചു നിത്യശൂന്യത്തിലേക്കാണ് നയിക്കുന്നത്. ഇതിനു ജീവിതത്തിൽ പ്രത്യേക ത്യാഗമോ, സ്വന്ത ഇഷ്ടങ്ങളെ മരിപ്പിക്കുന്നതിനോ, കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനോ ആവശ്യം ഇല്ലാത്തതിനാൽ എല്ലായ്പ്പോഴും ജനപ്രിയമാണ്. വളരെ വലിയ ആൾക്കൂട്ടവും അവിടെ കാണാം.

യേശുവിനേക്കാളധികമായി ആത്മ വരങ്ങളെയോ ആത്മശക്തിയേയോ പ്രാമുഖ്യം കൊടുത്തു കാണരുത്. ആത്മവരങ്ങളെക്കാൾ വലുത് ആത്മഫലങ്ങളാണ്. കർത്താവായ യേശു ക്രിസ്തുവിനേക്കാൾ വലുതായി കാണുന്ന ഏതൊരു ദൗത്യവും തെറ്റിന്റെയും മതഭ്രാന്തി ന്റെയും ശീലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.

സകലനാമത്തിനും മേലായ നാമം യേശുവിൻെറ നാമമാണ്. ഈ ബോധ്യത്തിൽ നിന്ന്

വഴുതിപ്പോയാൽ വലിയ അപകടത്തിലേക്കാണ് പോകുന്നത്. യേശുക്രിസ്തു കാൽവറിയിൽ നിർവഹിച്ച പാപപരിഹാര യാഗം നമ്മുടെ പാപം പരിഹരിക്കുന്നതിന് നമ്മുടെ പകരക്കാരൻ എന്ന നിലയിലായിരുന്നു. വളരെ ഗൗരവമായും ഊന്നൽ കൊടുത്തും നാം കാണേണ്ട ഒരു വസ്തുതയാണിത്. പരിശുദ്ധാത്മാവ് ഒരിക്കലും ക്രിസ്തുവിൽ നിന്ന് തന്നിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിക്കുകയില്ല, പകരം പൂർണ്ണമായ രീതിയിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. ഇന്ന് കൃപാവരപ്രാപ്തർ എന്ന പേരിൽ നടത്തുന്ന പല ശുശ്രൂഷകളും പ്രഹസനങ്ങളായി പരിണമിക്കുകയും ക്രിസ്തുവിനു പ്രാമുഖ്യം നൽകാതെ അവഗണിക്കുകയും ചെയ്തതിന്റെ ഫലമായി യേശു ഇന്ന് സഭയുടെ പുറത്താണ്. അവിടുന്ന് ഹൃദയ കവാടത്തിൽ മുട്ടികൊണ്ടിരിക്കുകയുമാണ്. നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലയിലും കേന്ദ്രബിന്ദു യേശു മാത്രം ആയിരിക്കണം.

ബാർട്ടിൽമാന്റെ മുന്നറിയിപ്പ് ഞാൻ നിസ്സാരമായി കാണുന്നില്ല. ക്രിസ്തുവില്ലാത്ത പെന്തക്കോസ്തിന്റെ അപകടം ഇന്ന് നാം ഒരു യാഥാർത്ഥ്യമായി കണ്ടുകൊണ്ടിരിക്കുകയാണല്ലോ? ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളോടു പറയുന്നു, ആത്മാവിൽ നിറഞ്ഞവരെന്നു അവകാശപ്പെടുന്ന ആളുകൾ ഒന്നിച്ചുകൂടി കൈകൾ ഉയർത്തി ദൈവത്തെ സ്തുതിക്കുമ്പോൾ പോലും ക്രിസ്തു അവർക്കു അപരിചിതനായി അനുഭവപ്പെടുന്നു.

'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടിയിരിക്കുന്നിടത്ത് ഞാൻ അവരുടെ നടുവിൽ ഉണ്ട്' എന്ന് അവിടുന്ന് പറഞ്ഞു എന്നത് സത്യമാണ്. (മത്തായി 18:20). എങ്കിലും നമ്മിൽ പലർക്കും അവിടുത്തെ തിരുസാന്നിധ്യം അനുഭവവേദ്യമാകുന്നില്ല. യേശുവിന്റെ നാമത്തിൽ കൂടിവരുന്നവർ പോലും യേശുവിനെ അവഗണിച്ചും തിരിച്ചറിയാതെയും മടങ്ങിപ്പോകുന്ന ദു:സ്ഥിതിയാണ് ഇന്നുള്ളത്. യഹൂദന്മാർ എല്ലാ ശബ്ബത്തിലും സിനഗോഗിൽ ദൈവത്തെക്കുറിച്ചു സംസാരിക്കുന്നതിനും മശിഹായുടെ വരവിനെക്കുറിച്ചു ധ്യാനിക്കുന്നതിനുമായി ഒത്തുകൂടി, മശിഹായെ അയക്കുമെന്ന് വാഗ്ദത്തം ചെയ്ത പിതാവിന്റെ നാമത്തെ അവർ സ്തുതിച്ചു. അവർ മശിഹായുടെ നാമം ഭയഭക്തിയോടെയും ബഹുമാനത്തോടെയും സംസാരിച്ചു. എന്നാൽ മശിഹാ അവരുടെ ഇടയിൽ ആഗതനായി നടകൊണ്ടപ്പോൾ അവർ മശിഹായെ തിരിച്ചറിഞ്ഞില്ല! മശിഹാ അവർക്ക് അപരിചിതനായിരുന്നു!

ഇന്ന് ആത്മാവ് നിറഞ്ഞ ഒരു സഭയുടെ നടുവിൽ ക്രിസ്തു ഒരു അപരിചിതനാണോ? തന്റെ നാമം സംസാരിക്കുന്നവരുടെ ഇടയിൽ ഒരു അപരിചിതൻ, മനുഷ്യനായി യേശുവിനെ ഭൂമിയിലേക്കയച്ച പിതാവിനെ ആരാധിക്കുകയും, 'കർത്താവേ, കർത്താവേ'എന്നു വിളിച്ചു അവിടുത്തേക്ക് ഹോശന്ന പാടുകയും ചെയ്യുന്നവർക്ക് ക്രിസ്തു അപരിചിതനോ? അതെ! തീർച്ചയായും അതെ! ഇന്ന് ദൈവം തിരഞ്ഞെടുത്ത ആളുകൾക്കിടയിലും അത് സംഭവിക്കുന്നു! എങ്കിലും ഈ ദുർഗതിയിൽപ്പെടാത്ത ഒരു ചെറിയ ശേഷിപ്പിനെ ദൈവം സംരക്ഷിച്ചിരിക്കുന്നു.

ക്രിസ്തുവിനെ നമ്മുടെ ഇടയിൽ അപരിചിതനാക്കുന്നതിന്റെ കാരണം വ്യക്തമാക്കാം. പരിശുദ്ധാത്മാവ് നമ്മുടെ ആത്മീയ അന്ധത നീക്കം ചെയ്യട്ടെ, അങ്ങനെ നമുക്ക് ക്രിസ്തുവിനെ കർത്താധികർത്താവായി വീണ്ടും യഥാർത്ഥത്തിൽ രുചിച്ചറിയാൻ കഴിയും. പരിശുദ്ധാത്മ വരങ്ങൾക്കു അമിത പ്രാധാന്യം നൽകികൊണ്ട് ക്രിസ്തുവിനെ പലരും അഗണ്യനാക്കുന്നു. കർത്താവും, കർത്താവു മാത്രവും, ആയിരിക്കണം നമ്മുടെ ജീവിതത്തിന്റെയും ആരാധനയുടെയും കേന്ദ്രം. സഭയാകുന്ന ശരീരത്തിന്റെ, ശിരസ്സാണ് ക്രിസ്തു. അവിടുന്ന് ആദ്യനും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനും ആകുന്നു; അവിടുന്ന് സർവ്വോത്കൃഷ്ടനാണ്.ക്രിസ്തുവിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടു, താൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും ക്രിസ്തുവിനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി' (കൊലോസ്യർ 1:18,19).

എല്ലാ കാര്യങ്ങളിലും ക്രിസ്തുവിനു മുൻതൂക്കം ഉണ്ടായിരിക്കണം. മറ്റാരേക്കാളും, മറ്റെന്തിനേക്കാളും ക്രിസ്തു വിശേഷിപ്പിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യണം, അതായത് എല്ലാ തലങ്ങളിലും ഒന്നാം സ്ഥാനം. ആത്മവരങ്ങൾ പോലും സഭയുടെ ആത്മികവർധനയ്ക്കാണ് നൽകിയിരിക്കുന്നത്. ആത്മവരങ്ങൾ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നതിലൂടെ, ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തികളെ കേൾവിക്കാരന് ഉറപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ആത്മഫലങ്ങൾ നമ്മിൽ ഉളവാകേണ്ടതിനാണ് കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ നമുക്ക് നൽകിയിരിക്കുന്നത്. സകലനാമത്തിനും മേലായ നാമം ക്രിസ്തുവിന്റെ നാമം മാത്രം. മറ്റൊരു വിധത്തിൽപറഞ്ഞാൽ,ക്രിസ്തു പരിശുദ്ധാത്മാവിനെ അയച്ചത് നമുക്ക് ക്രിസ്തുവിന്റെ പൂർണ്ണത വെളിപ്പെടുത്താനാണ്. •

# തലശേരിയോട് വിട...

ബഞ്ചമിൻ വർഗീസ്

തലശ്ശേരിയിൽനിന്നും ഏകദേശം 30 കി.മീ. വടക്ക് അഴീക്കോടിനടുത്തായി ചിറയ്ക്കൽ എന്നൊരു ചെറിയ പട്ടണം ഉണ്ട്. ഉത്തരകേരളം ഭരിച്ചിരുന്ന രാജവംശമായ കോലത്തിരിമാരുടെ ഭരണത്തിലിരുന്ന ഒരു നാട്ടുരാജ്യം ആയിരുന്നു ഗുണ്ടർട്ടിന്റെ കാലത്ത് ചിറയ്ക്കൽ. ബാസൽമിഷൻ ചിറയ്ക്കൽ രാജാവിൽനിന്നും കുറച്ച് സ്ഥലം വാടകയ്ക്ക് വാങ്ങി അവിടെ ഒരു മിഷൻസ്റ്റേഷൻ സ്ഥാപിച്ചു. 1849 ഫെബ്രുവരിയിൽ ഹേബിക്, ഗുണ്ടർട്ടിനോട് ചിറയ്ക്കലിലേയ്ക്ക് പ്രവർത്തനം മാറ്റാൻ ആവശ്യപ്പെട്ടു. വളരെ വിഷമത്തോടെയാണെങ്കിലും ഗുണ്ടർട്ട് കുടുംബം മേലധികാരികളുടെ നിർദ്ദേശം അനുസരിക്കാൻ തീരുമാനിച്ചു. എന്നാൽ 'നിങ്ങളുടെ വിചാരങ്ങളല്ല എന്റെ വിചാരങ്ങൾ എന്ന വാക്യം ആ വിഷമഘട്ടത്തിലും അവരെ ധൈര്യപ്പെടുത്തി. ജൂലിയ അവരുടെ കൂടെ ഇല്ലിക്കുന്നിലുണ്ടായിരുന്ന ബാലികമാരെക്കൂടി ചിറയ്ക്കലേയ്ക്ക് കൊണ്ടുപോകുവാനുള്ള അനുമതി വാങ്ങി അവരെയും കൂടെക്കൂട്ടി. 1849 മെയ് മാസത്തിൽ കണ്ണുനീരോടെ ഇല്ലിക്കുന്നിലെ ഭവനത്തോട് ജൂലിയ വിടപറഞ്ഞു.ഗുണ്ടർട്ടാകട്ടെ ചില ദിവസങ്ങൾക്കൂടി ഇല്ലിക്കുന്നിൽ തുടർന്നു. തന്റെ സഹപ്രവർത്തകരോടും മറ്റുള്ളവരോടും യാത്രപറഞ്ഞശേഷം ചിറയ്ക്കലേയ്ക്ക്പോകാമെന്ന് തീരുമാനിച്ചു.

ഇല്ലിക്കുന്നിലെ അവസാന ദിവസങ്ങളിൽ അദ്ദേഹം ചാപ്പലിന്റെ കേടുപാടുകൾ തീർക്കുവാനായാണ് വിനിയോഗിച്ചത്. സാരമായ കേടുപാടുകളുണ്ടായിരുന്ന മേൽക്കൂര മേഞ്ഞത് മെയ് മാസത്തെ കഠിനമായ ചൂടേറ്റാണ്. മെയ് 9 നാകട്ടെ ഒരു പെരുമഴ പെയ്യുകയും ഗുണ്ടർട്ട് അതിൽ നനഞ്ഞു കുളിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം വിറപ്പനിയാൽ ബാധിതനായി. ആ പനിയോടെയാണ് അദ്ദേഹം ഇല്ലിക്കുന്നിനോട് വിട പറഞ്ഞത്. ചിറയ്ക്കലിലെത്തിയതിനു ശേഷവും ആ പനി വിട്ടുമാറിയില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ പനി മൂർച്ഛിച്ച് തന്റെ സംസാരശേഷി നഷ്ടപ്പെട്ട് പോകുവാനിട വന്നു.

തുടർന്നുള്ള ഏകദേശം മൂന്ന് വർഷത്തോളം ഗുണ്ടർട്ട് സംസാരിക്കാനാവാതെ വലഞ്ഞു. വ്യക്തിപരമായി ഗുണ്ടർട്ടിന് വളരെ പ്രയാസം അനുഭവിക്കേണ്ടതായി വന്ന വർഷങ്ങളായിരുന്നു അവ. ശാരീരികാസ്വാസ്ഥ്യം നിമിത്തം ഭവനത്തിൽ തന്നെ കഴിഞ്ഞുകൂടുവാൻ അദ്ദേഹം നിർബന്ധിതനായി. ഗുണ്ടർട്ടിന്റെ കുടുംബം ഈ സമയം അദ്ദേഹത്തിന് ആവശ്യമായ എല്ലാ സഹകരണവും നൽകി. അദ്ദേഹത്തിന്റെ മക്കൾ പോലും ആ അവസ്ഥയറിഞ്ഞ് ഗുണ്ടർട്ടിനാവശ്യമായ കരുതലും സ്നേഹവും കാട്ടിയതായി അദ്ദേഹത്തിന്റെ കുറിപ്പുകളിൽ കാണാം. ഗുണ്ടർട്ട് ഈ അവസ്ഥയെ ദൈവത്തിന്റെ സന്ദർശനമായാണ് കണക്കാക്കിയത്. അദ്ദേഹം ഇപ്രകാരം എഴുതി: 'ഇപ്പോൾ ഇതെല്ലാം സംഭവിക്കേണ്ടതു തന്നെ. ദൈവം മറ്റു ചില കാര്യങ്ങളിലേക്കെന്നെ നിയോഗിക്കുകയാണ്. സംസാരത്തിലും പ്രവൃത്തിയിലും മുഴുകിപ്പോകാതെ ഞാനിത് ക്ഷമാപൂർവം സഹിക്കണം; താൻ നിസ്സാരനാണെന്ന് മനസിലാക്കണം വാസ്തവത്തിൽ ദൈവം ഇക്കാലയളവിൽ ഗുണ്ടർട്ടിനെ മറ്റൊരു ശുശ്രൂഷയ്ക്കൊരുക്കുകയായിരുന്നു.

നെല്ലിക്കുന്നിലായിരിക്കുമ്പോൾത്തന്നെ ഗുണ്ടർട്ട് പലതരം സാഹിത്യരചനകളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ അവിടെ സുവിശേഷീകരണമടക്കമുള്ള മറ്റ് ഉത്തരവാദിത്തങ്ങൾ കൂടി അദ്ദേഹം നിർവഹിച്ചുപോന്നതിനാൽ സമയലഭ്യത പരിമിതമായിരുന്നു. ചിറയ്ക്കലെത്തിയ ശേഷം ആകട്ടെ ഗുണ്ടർട്ടിന് സംസാരിക്കാനാവാത്തതു മൂലം തന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്താനായി. ഇക്കാലയളവിൽത്തന്നെയാണ് ദ്രാവിഡഭാഷകളുടെ താരതമ്യ വ്യാകരണത്തിന്റെ രചയിതാവായ റോബർട്ട് കാൽഡ്വലടക്കമുള്ള പ്രമുഖരുമായി ഗുണ്ടർട്ട് ബന്ധം സ്ഥാപിച്ചത്. 1851 ന്റെ മദ്ധ്യത്തിൽ രോഗത്തിനൊരാശ്വാസം തേടി അദ്ദേഹം നീലഗിരിയിലേയ്ക്ക് താമസം മാറിയ സമയത്ത് കാൽഡ്വൽ അദ്ദേഹത്തെ സന്ദർശിക്കുകയും ജീവിതാന്ത്യം വരെ നിലനിന്ന ഉറച്ചൊരു ബന്ധത്തിനവിടെ തുടക്കമിടുകയും ചെയ്തു.

1852 ന്റെ ആദ്യ മാസങ്ങളോടെ ഗുണ്ടർട്ട് ആരോഗ്യം തിരികെ പ്രാപിച്ചു. മാർച്ച് മാസമായപ്പോഴേക്കും ആരോഗ്യനില വളരെ മെച്ചപ്പെട്ടതായി ഗുണ്ടർട്ടിനനുഭവപ്പെട്ടു. തത്ഫലമായി അദ്ദേഹം തന്റെ യാത്രകളടക്കമുള്ള ശുശ്രൂഷകൾ

# സിനഗോഗ്

ആരാധനയ്ക്കായി എല്ലാ യിസ്രയേല്യർക്കും പതിവായി യെരുശലേമിലെ ദൈവാലയത്തിൽ വരുവാൻ കഴിയുമായിരുന്നില്ല. വർഷത്തിൽ മൂന്നു പ്രാവശ്യം മാത്രമാണ് യിസ്രായേല്യർ യെരുശലേം ദൈവാലയത്തിൽ പോയിരുന്നത്. അത്, പെസഹാ പെരുന്നാൾ, പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, ആദ്യഫല പെരുന്നാൾ, വാരോത്സവം, കാഹളധ്വനിയുടെ പെരുന്നാൾ, മഹാപാപപരിഹാര ദിവസം, കൂടാരപ്പെരുന്നാൾ എന്നീ 7 ഉത്സവങ്ങൾ (ലേവ്യപുസ്തകം 23) ആചരിക്കുന്നതിനായിരുന്നു. ആദ്യത്തെ മൂന്ന് പെരുന്നാളുകൾ ഒന്നാംമാസത്തിലും നാലാമത്തേതായ വാരോത്സവം അഥവാ പെന്തെക്കോസ്ത് പെരുന്നാൾ മൂന്നാം മാസത്തിലും അവസാനത്തെ മൂന്നെണ്ണം എഴാം മാസത്തിലും ആചരിച്ചു വന്നിരുന്നു.

എന്നാൽ ആഴ്ചതോറുമുള്ള ശബത്തുനാളുകളിൽ അവരവരുടെ വാസസ്ഥലങ്ങളിലുള്ള സിനഗോഗുകളിലാണ് അവർ സമ്മേളിച്ചിരുന്നത്. ആരാധനയ്ക്കും ന്യായപ്രമാണപഠനത്തിനും അനുഷ്ഠാന കർമ്മങ്ങൾക്കുമായിട്ടാണ് അവർ കൂടിവന്നിരുന്നത്.

ന്യായപ്രമാണത്തിന്റെയും പ്രവചനപുസ്തകങ്ങളുടെയും ചുരുളുകൾ സിനഗോഗുകളിൽ സൂക്ഷിച്ചിരുന്നു. പ്രവേശനകവാടത്തിന് അഭിമുഖമായി വെച്ചിരുന്ന പെട്ടിയിലാണിവ സൂക്ഷിച്ചിരുന്നത്. പ്രധാനികളുടെ മുഖ്യാസനങ്ങൾ ഈ പെട്ടിയുടെ മുമ്പിൽ ജനത്തിന് അഭിമുഖമായിട്ടായിരുന്നു.

തിരുവെഴുത്തുകളോടുള്ള ബഹുമാന സൂചകമായി എഴുന്നേറ്റുനിന്നുകൊണ്ടു മാത്രമേ അത് വായിച്ചിരുന്നുള്ളൂ. അതിനുശേഷം പ്രസംഗപീഠത്തിലിരുന്നു കൊണ്ടാണ് ജനത്തെ പ്രബോധിപ്പിച്ചിരുന്നത്. ഈ ക്രമം കർത്താവ് പാലിച്ചിരുന്നതായി ലൂക്കോസ് (4:16–20) രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പൗലോസ് നിന്നുകൊണ്ടാണ് പ്രസംഗിച്ചത്. (പ്രവൃത്തികൾ 13:16)

ആവർത്തനം 6:4–9. 11:13–21, സംഖ്യ 15: 17–41 എന്നീ വേദഭാഗങ്ങൾ വായിച്ച് തങ്ങളുടെ വിശ്വാസപ്രമാണം അവർ ഏറ്റുപറഞ്ഞിരുന്നു. ഈ വേദഭാഗങ്ങളെ 'ഷേമാ' എന്ന് പറഞ്ഞിരുന്നു. ഷേമാ പാരായണം തോറാ (പഞ്ചഗ്രന്ഥങ്ങൾ) പാരായണം, പ്രവാചക പുസ്തകപാരായണം, വായിച്ചഭാഗങ്ങളെ ആസ്പദമാക്കിയുള്ള പ്രസംഗം, പ്രാർത്ഥന, ആശീർവാദം എന്നിവയായിരുന്നു അവരുടെ ആരാധനയുടെ മുഖ്യഭാഗങ്ങൾ. ഷേമായുടെ മുമ്പും പിമ്പും ആശീർവാദം ഉണ്ടായിരുന്നു.

അർഹതയുള്ള ഏതു വ്യക്തിക്കും പ്രബോധിപ്പിക്കുവാൻ അവസരം നൽകിയിരുന്നു. യേശുക്രിസ്തു യഹൂദന്മാരുടെ പള്ളികളിൽ ചെന്ന് പഴയനിയമ തിരുവെഴുത്തുകളിൽനിന്ന് അവരെ ഉപദേശിക്ക (ലൂക്കോസ് 4:15) പതിവായിരുന്നു. പൗലോസും കൂടെയുള്ളവരും പിസിദ്യായിലെ അന്ത്യോക്യയിൽ സിനഗോഗിൽ ശബത്തുനാളിൽ എത്തി; ന്യായപ്രമാണവും പ്രവചനങ്ങളും വായിച്ചുതീർന്നശേഷം ജനത്തോട് പ്രബോധനം പറയുവാൻ പൗലോസിന് അവസരം കൊടുത്തു (പ്രവൃത്തികൾ 13:15). കർത്താവും പൗലോസും പതിവായി ഇങ്ങനെ ചെയ്തുവന്നിരുന്നു. •

***തലശേരിയോട് വിട...*** *പേജ് 20 ന്റെതുടർച്ച*

പുനരാരംഭിക്കുകയും ചെയ്തു. തന്റെ ശുശ്രൂഷാ കാലയളവിലുണ്ടായ ഈ ഇടവേള ഗുണ്ടർട്ടിനെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷാ കാലഘട്ടമായിരുന്നെങ്കിലും, മലയാളഭാഷയ്ക്ക് അതൊരനുഗ്രഹമായി ഭവിച്ചു. ഗുണ്ടർട്ടെന്ന ഭാഷാപണ്ഠിതന്റെ വ്യക്തിമുദ്ര പതിഞ്ഞ മലയാള വ്യാകരണവും, വേദപുസ്തകപരിഭാഷയുമടക്കമുള്ള പല മികച്ച ഉദ്യമങ്ങളും അദ്ദേഹം ഏറ്റെടുത്തതോ ത്വരിതപ്പെടുത്തിയതോ ഈ ഇടവേളയിലാണ്.

ചിറയ്ക്കലെത്തിയശേഷം ജൂലിയ അവിടെ ഒരു ബാലികാഭവനം ആരംഭിച്ചു. തുടക്കത്തിൽ അനാഥപെൺകുട്ടികൾ മാത്രമാണവിടെ ഉണ്ടായിരുന്നത്. എന്നാൽ ക്രമേണ മറ്റ് ക്രൈസ്തവ പെൺകുട്ടികളെയും ഉപദേശിമാരുടെ പുത്രിമാരെയുമൊക്കെ അവിടെ താമസിപ്പിച്ചു, ഈ സ്ഥാപനത്തിന്റെ പ്രവർത്തനമേഖല വിപുലമാക്കി. ഇവിടെ വളർന്നപെൺകുട്ടികൾ തങ്ങളുടെ ജീവിതത്തിൽ വിജയം നേടിയതായി ബാസൽമിഷന്റെ ചരിത്രം വെളിപ്പെടുത്തുന്നു. ഇവരിൽ പലരും പിൽക്കാലത്ത് മിഷൻ വേലയ്ക്കും ഗുണ്ടർട്ടിന്റെ പ്രവർത്തനങ്ങൾക്കും വളരെ സഹായമായിത്തീർന്നു. •



എൽസി ജോയ്



# യഹോവ നമ്മുടെമേൽ ഉദിക്കട്ടെ

**ഇ**താ, വീണ്ടും ഒരു പുതുവർഷം കൂടി കർത്താവ് നമുക്ക് അനുവദിച്ചു നൽകിയിരിക്കുന്നു. ആയുസ്സും ആരോഗ്യവും തന്നു നമ്മെ അനുഗ്രഹിച്ച ദൈവത്തെ നന്ദിയോടെ സ്തുതിക്കാം. ഇനിയും നമ്മെ മുമ്പോട്ട് നടത്തുവാൻ നമ്മുടെ കർത്താവ് ശക്തൻ. അവിടുത്തെ ബലമുള്ള കൈക്കീഴിൽ നമുക്ക് താണിരിക്കാം. ഈ പുതുവർഷത്തിൽ നിങ്ങളുമായി പങ്കിടുവാൻ ഉള്ളിൽ പ്രകാശിച്ച ഒരു വാക്യം ദൈവവചനത്തിൽ നിന്നും ഉദ്ധരിക്കുന്നു.'എഴുന്നേറ്റ് പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസും നിന്റെ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുന്നു നിന്റെ മേലോ യഹോവ ഉദിക്കും. അവിടുത്തെ തേജസും നിന്റെ മേൽ പ്രത്യക്ഷമാകും' (യെശയ്യാവു 60 :1, 2)

ഇരുൾ വ്യാപിച്ച് പടർന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുന്നു എന്നത് ഏറ്റവും സത്യമായിരിക്കുന്നു. അഴിമതി, അക്രമം, അനീതി, അഴിഞ്ഞാട്ടം, ലൈംഗിക അരാജകത്വം, കൊലപാതകം, കവർച്ച... തുടങ്ങിയ കുറ്റകൃത്യങ്ങൾ വർദ്ധിച്ചിരിക്കുന്നു. പുറത്ത് ഇറങ്ങി നടക്കുവാൻ പോലും ഭയപ്പെടേണ്ട ഒരു കാലം.

സുവിശേഷത്തിനുള്ള വെല്ലുവിളികൾ വർദ്ധിക്കുന്നു. പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്ന മതപരിവർത്തന നിരോധന നിയമം സുവിശേഷകരെ ഭീഷണിപ്പെടുത്തുന്നതിനും അകാരണമായി പീഡിപ്പിക്കുന്നതിനും ആയുധമാക്കുന്നു. അകാരണമായി പലരെയും ജയിലിലടയ്ക്കുന്നു. ക്രിസ്തീയ സഭകൾ ചെയ്തു വന്നിരുന്ന ആതുരസേവനപ്രവർത്തനങ്ങൾക്കും നിയമക്കുരുക്ക് തടസ്സമായിത്തീർന്നിരിക്കുന്നു. അന്ധകാരത്തിന്റെ വ്യാപനമാണ് എല്ലാത്തരത്തിലും നാം കാണുന്നത്. ഈ സാഹചര്യത്തിൽ നാം എന്താണ് ചെയ്യേണ്ടത്? വെളിച്ചം മാത്രമേ, അന്ധകാരത്തിനുള്ള പ്രതിവിധിയായി ഉള്ളല്ലോ. നാം എഴുന്നേറ്റ് പ്രകാശിക്കേണ്ട സമയം ഇപ്പോഴെന്നാണ് മനസ്സിലാക്കേണ്ടത്. 'എഴുന്നേൽക്കുക എന്നത് കർമ്മനിരതരാകുന്നതിനെ കാണിക്കുന്നു. നമ്മുടെ അലസതകളെ അകറ്റി നാം ഉത്സാഹികളാകണം. നാം എഴുന്നേൽക്കേണ്ട ചില മേഖലകൾ

**നാം എഴുന്നേറ്റ് പ്രകാശിക്കേണ്ട സമയം ഇപ്പോഴെന്നാണ് മനസ്സിലാക്കേണ്ടത്. എഴുന്നേൽക്കുക എന്നത് കർമ്മനിരതരാകുന്നതിനെ കാണിക്കുന്നു. നമ്മുടെ അലസതകളെ അകറ്റി നാം ഉത്സാഹികളാകണം.**

**1. പ്രാർത്ഥന**

പ്രശ്നങ്ങൾ വർധിക്കുമ്പോൾ പ്രാർത്ഥന വർദ്ധിക്കണം. 'ഒന്നിനെക്കുറിച്ച് വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കുക അത്രെ വേണ്ടത്' (ഫിലിപ്പ്യർ 4 :6) എന്നാണ് വചനം നമ്മെപ്രബോധിപ്പിക്കുന്നത്. ഉൽക്കണ്ഠാകുലരാകുന്നതോ ഭയപ്പെടുന്നതോ പ്രശ്നത്തിന് പരിഹാരം അല്ല. പ്രത്യുത, പ്രാർത്ഥനയിൽ നാം ഹൃദയം ദൈവസന്നിധിയിൽ പകരുമ്പോൾ ഹൃദയത്തിൽ വലിയ സമാധാനം ലഭിക്കുകയും നമ്മുടെ പ്രശ്നങ്ങൾ തരണം ചെയ്യുവാനുള്ള ധൈര്യമുള്ളവരായി നാം മാറുകയും ചെയ്യും. ഏറ്റവും വലിയ പ്രശ്നപരിഹാരമാർഗ്ഗം പ്രാർത്ഥനയാണ്.

പ്രാർത്ഥന പ്രായോഗികമാക്കുന്നതിൽ നാം വിജയിക്കുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്. പലർക്കും പ്രാർത്ഥനയ്ക്ക് ഏകാഗ്രത ലഭിക്കുന്നില്ല. ജീവിതത്തിരക്കുകൾ പ്രാർത്ഥനാജീവിതത്തെ ഏതാണ്ട് തളർത്തിയിരിക്കുന്നു. ആവശ്യത്തിന് പ്രാർത്ഥിക്കുന്നുണ്ട് എന്ന വ്യർത്ഥ അവകാശവാദവും ചിലരുടെ ഹൃദയത്തെ കഠിനപ്പെടുത്തിയിരിക്കുന്നു. സഭയുടെ ആരാധനയിലോ പ്രാർത്ഥനാക്കൂട്ടങ്ങളിലോ സംബന്ധിക്കുന്നതിൽ മാത്രം തൃപ്തിപ്പെട്ട് ജീവിക്കുന്നവരും അനേകരാണ്. സംഭവിച്ചിരിക്കുന്ന പരാജയം മനസ്സിലാക്കുന്നവർക്കേ, മുരടിച്ച പ്രാർത്ഥനാജീവിതത്തിന് ജീവൻ നൽകുവാൻ കഴിയുകയുള്ളൂ.

പ്രാർത്ഥനയ്ക്ക് വേണ്ടത് ദൈവസാന്നിധ്യത്തിനായുള്ള തീവ്രമായ ആഗ്രഹവും താഴ്മയും ആണ്. നമ്മുടെ ഒന്നുമില്ലായ്മയെക്കുറിച്ചുള്ള തിരിച്ചറിവ് ദൈവത്തിന്റെ കരുണയ്ക്ക് നമ്മെ അത്യാവശ്യക്കാരാക്കും. അതാണ് ദൈവാശ്രയത്തിലേക്ക് നമ്മെ നയിക്കുന്നത്. ദൈവത്തിന്റെ കൃപ കൂടാതെ മുന്നോട്ടു നീങ്ങുവാൻ കഴിയില്ല എന്ന ബോധ്യം ഉള്ളവർ ദൈവകൃപക്കായി ദൈവത്തോട് അടുത്തു വരും. അവർ താഴ്മയോടെ ദൈവത്തെ അന്വേഷിക്കും. അങ്ങനെ അവർ പ്രാർത്ഥനയ്ക്ക് സ്ഥിരോൽസാഹികളായി മാറും. വ്യക്തിപരമായ പ്രാർത്ഥനയിൽ ദൈവവുമായി ആത്മബന്ധം പുലർത്തുന്നവർക്ക് മാത്രമേ ശരിയായി ദൈവസന്നിധിയിൽ മധ്യസ്ഥത ചെയ്യുവാൻ കഴിയൂ. അവർ ദൈവത്തിന്റെ ഹൃദയഭാരം ഉൾക്കൊള്ളുന്നവരും, ദൈവം ആഗ്രഹിക്കുന്ന വിഷയങ്ങൾക്കായി പ്രാർത്ഥനയിൽ ജാഗരിക്കുവാൻ ആത്മഭാരമുള്ളവരായിത്തീരുകയും ചെയ്യും. ഈ നിലയിലാണ് എഴുന്നേറ്റ് പ്രകാശിക്കുന്നവരായി നാം തീരുന്നത്.

**2. സൽപ്രവർത്തികൾ**

അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ (മത്തായി 5:16) എന്നു കർത്താവ് നമ്മോട് അരുളിച്ചെയ്തിരിക്കുന്നുവല്ലോ. പ്രകാശം പരത്തുന്നതാണ് നല്ല പ്രവർത്തികൾ. നാം നമ്മുടെ കഴിവിലോ ബലത്തിലോ ചെയ്യുന്നതല്ല നല്ല പ്രവർത്തികൾ. പ്രത്യുത, ദൈവം നമ്മെ അതിനായി പ്രാപ്തരാക്കി ചെയ്യിക്കുന്നതാണ്. സ്വാർത്ഥരഹിതരായി ദൈവസ്നേഹത്തിൽ മറ്റുള്ളവർക്കായി ചെയ്യുന്ന ഉപകാരപ്രദമായ പ്രവർത്തികളാണ് സൽപ്രവർത്തികൾ അഥവാ നല്ല പ്രവർത്തികൾ. സൽപ്രവർത്തികൾ ദൈവസ്നേഹം മറ്റുള്ളവരിലേക്ക് പകരുന്ന ചാനലാണ്. അതു മനുഷ്യത്വവും സാഹോദര്യവും വളർത്തുകയും പരസ്പരം അംഗീകരിക്കുവാനും ബഹുമാനിക്കുവാനും പ്രേരിതരാവുകയും ചെയ്യും. യോപ്പയിൽ ജീവിച്ചിരുന്ന തബീഥ എന്ന സഹോദരി വളരെ നന്മ ചെയ്യുന്നവളും ദരിദ്രരെ സഹായിക്കുന്നവളുമായിരുന്നു. അവർക്കു ഉടുപ്പുകളും വസ്ത്രങ്ങളും തുന്നി നൽകുമായിരുന്നു (പ്രവർത്തികൾ 9:36 - 39).

ദൈവമക്കളിൽ സ്വാർത്ഥത വളരുന്നതിനാൽ അവർ പ്രകാശം നഷ്ടപ്പെട്ടവരായിത്തീരുന്നു. ഇരുൾ വ്യാപരിക്കുന്ന ലോകത്തിൽ അവരും അവരവരുടെ പ്രവർത്തനമേഖലകളിൽ ഇരുളിന്റെ ഭാഗമായിത്തീർന്നു പോകുന്ന അപകടമാണ് നാം കാണുന്നത്. ദൈവസ്നേഹത്താൽ നിറയപ്പെടുന്നതു മാത്രമാണ് പ്രശ്നപരിഹാരം. സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളവരായി എഴുന്നേറ്റു പ്രകാശിക്കുവാൻ ഈ പുതുവർഷത്തിൽ ദൈവം നമ്മെ സഹായിക്കട്ടെ.

**3. സുവിശേഷീകരണം**

മറ്റൊരു വ്യക്തിയെ സുവിശേഷത്താൽ ബോധവൽക്കരിക്കുന്നതിനാണ് നാം സുവിശേഷീകരണം എന്ന് പറയുന്നത്. എല്ലാവരും നരകവിധിക്ക് കീഴിലാണെന്നും, ആ വലിയ ശിക്ഷാവിധിയിൽ നിന്നും രക്ഷിപ്പാനാണ് ക്രിസ്തു മരിച്ചതെന്നും, ക്രിസ്തുവിന്റെ മരണം നമുക്ക് ഓരോരുത്തർക്കും വേണ്ടിയാണെന്നും ബോധ്യപ്പെടുത്തുവാൻ കഴിയണം. അങ്ങനെ ബോധ്യം പ്രാപിക്കുന്നവർ യേശുവിനെ കർത്താവായി സ്വീകരിക്കുവാനിടയാകും. വ്യക്തികളിൽ നിന്നും പാപത്തിന്റെയും ശാപത്തിന്റെയും ഇരുട്ട്

മാറണം. നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്ന ക്രിസ്തുവിന്റെ വെളിച്ചം മറ്റുള്ളവരിലേക്ക് വ്യക്തിപരമായ ബന്ധത്തിൽക്കൂടിയും ഇടപെടലുകളിൽ കൂടിയും പകരപ്പെടുവാൻ ഇടയാകണം.


നമ്മോടു സഹകരിക്കുന്നവർക്ക് ക്രിസ്തുവിനെ കൊടുക്കുവാൻ കഴിയുന്ന ഒരു ക്രിസ്തീയസാക്ഷ്യം നാം കാത്ത് സൂക്ഷിക്കുകയും, ക്രിസ്തുവിനെ പരിചയപ്പെടുത്തുവാൻ ഉത്സാഹം ഉള്ളവരായിരിക്കുകയും വേണം. നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തു ഉയർത്തപ്പെടുമ്പോളാണ് നാം എഴുന്നേറ്റ് പ്രകാശിക്കുന്നവരായിത്തീരുന്നത്. നമ്മുടെ സ്വഭാവത്തിലും ഇടപെടലിലും പ്രകടമാകുന്ന സ്നേഹം മറ്റുള്ളവർ കാണട്ടെ. നാം ക്രിസ്തുവിനെ അനുഭവിച്ച അനുഭവങ്ങൾ പങ്കിടുന്നതിനാൽ മറ്റുള്ളവർ യേശുവിന്റെ മാധുര്യവും, അത്ഭുതസ്നേഹവും അറിയട്ടെ. നമ്മിൽ വ്യാപരിക്കുന്ന നിത്യതയുടെ പ്രത്യാശ മറ്റുള്ളവരുടെ ഉൾക്കണ്ണുകൾക്കും പ്രകാശം നൽകുന്നതായിത്തീരട്ടെ.

എഴുന്നേറ്റ് പ്രകാശിക്കുന്നവരുടെ മേൽ ക്രിസ്തു പ്രകാശിക്കും. ക്രിസ്തുവിന്റെ സ്നേഹത്തിൽ കർമ്മനിരതരാകുമ്പോൾ അവർ ദൈവത്താൽ ഉപയോഗിക്കപ്പെടും. വക്രതയും കോട്ടവുമുള്ള ഈ തലമുറയിൽ നാം ഓരോരുത്തരും ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കും. ഈ പുതുവത്സരത്തിൽ ദൈവം നമ്മെ ഓരോരുത്തരെയും പ്രകാശമാക്കി എഴുന്നേൽപ്പിക്കട്ടെ. ഈ ദൗത്യനിർവഹണത്തിൽ സഹോദരിമാർ ഉത്സുകരാവുകയും മറ്റുള്ളവരെ ഉത്സാഹിപ്പിക്കുകയും ചെയ്യണം. മറ്റുള്ളവർ ക്രിസ്തുവിനെ നമ്മിലൂടെ വായിച്ചറിയേണ്ടതിനു ക്രിസ്തുവിൻ പത്രങ്ങളായി ശോഭിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●

# എന്തുകൊണ്ട് എനിക്ക് ആയിക്കൂടാ..?

**അ**മേരിക്കയിലെ ഫിലാദൽഫിയ എന്ന പട്ടണം അനേക വർഷങ്ങൾക്ക് മുമ്പ് വൈദ്യുതി വരുന്നതിനു മുമ്പ് അറിയപ്പെട്ടിരുന്നത് സിറ്റി ഓഫ് ഡാർക്ക്നസ് എന്നാണ്. കൊള്ളക്കാരും ദുഷ്ക്കർമ്മികളും അത് സൗകര്യപ്രദമായ ഒരു വാസസ്ഥലമായി കരുതി. ഇതിൽ മനംനൊന്ത ബെഞ്ചമിൻ ഫ്രാങ്ക്ളിൻ എന്ന ഒരു മനുഷ്യൻ ആ പട്ടണത്തിൽ താമസിച്ചിരുന്നു. എനിക്ക് എന്ത് ചെയ്യുവാൻ കഴിയും എന്ന് അദ്ദേഹം ചിന്തിച്ചു. ഒരു ദിവസം അദ്ദേഹത്തിന്റെ വീടിന്റെ മുമ്പിൽറോഡിലേക്ക് തള്ളി നിൽക്കുന്ന മനോഹരമായ ഒരു വിളക്ക് അദ്ദേഹം സ്ഥാപിച്ചു. ആ റാന്തൽ വിളക്കിൽ എണ്ണയൊഴിച്ച് കത്തിച്ച് അതിന്റെ ഗ്ലാസ് ഭംഗിയായി തുടച്ച് 6 മണിക്ക് മുമ്പ് അദ്ദേഹം കത്തിച്ചിരുന്നു. ഫ്രാങ്ക്ളിനു ഒരു വിളക്ക് കത്തിച്ച് വയ്ക്കാമെങ്കിൽ എനിക്ക് എന്തുകൊണ്ട് പത്ത് വിളക്ക് കത്തിച്ചുകൂടാ എന്ന് അടുത്തുള്ള ഒരു പണക്കാരൻ ചിന്തിച്ചു. ആ പട്ടണത്തിലെ പല തെരുവുകളിലും മത്സരബുദ്ധിയോടു കൂടി ആളുകൾ അവരവരുടെ വീടിന്റെ മുമ്പിൽ മനോഹരമായ വിളക്കുകൾ സ്ഥാപിക്കുവാൻ തുടങ്ങി. വളരെ പെട്ടെന്ന് അവിടെയെല്ലാം ദീപാലങ്കാരം പോലെയായി. ആ പട്ടണത്തിന് പ്രകാശത്തിന്റെ പട്ടണം (സിറ്റി ഓഫ് ലൈറ്റ്) എന്ന പേരുണ്ടാവാൻ പിന്നെ വൈകിയില്ല. ഫ്രാങ്ക്ളിൻ എന്ന ഒരു വ്യക്തിയുടെ ബുദ്ധിയിൽ ഉദിച്ച ആശയം പെട്ടെന്ന് ഫലവത്തായി. ഇന്ന് ലോകത്തിന്റെ ഏറ്റവും വലിയ ആവശ്യം ലോകത്തിന്റെ വെളിച്ചമാകുന്ന ക്രിസ്തുവിന്റെ പ്രകാശമാണ്. ഇരുട്ടിനെ പഴിക്കുവാൻ എളുപ്പമാണ്. എന്നാൽ അതിലൊക്കെ എത്രയോ എളുപ്പമാണ് ഒരു വിളക്ക് കത്തിച്ച് വയ്ക്കുന്നത്. കൂരിരുട്ടിൽ ഒരു മെഴുകുതിരിയുടെ പ്രകാശം പോലും എത്രയോ വിലയേറിയതാണ്. എഴുന്നേറ്റു പ്രകാശിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ



ജോയ് എം. തോമസ്

# മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു

'യേശു ഫിലിപ്പിന്റെ കൈസര്യയിൽ എത്തിയശേഷം തന്റെ ശിഷ്യന്മാരോട്: ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലീയാവെന്നും വേറേ ചിലർ യിരമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്ന് അവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്ന് ചോദിച്ചതിനു ശിമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട്: ബർയോനാശിമോനേ, നീ ഭാഗ്യവാൻ, ജഡരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്' ( മത്തായി 16 :13 - 17).

ഫിലിപ്പിന്റെ കൈസര്യയിൽ കർത്താവും ശിഷ്യന്മാരുമായി നടന്ന സംഭാഷണമാണ് നമ്മുടെ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്. ഗലീലാക്കടലിന് 25 മൈൽ (40 കിലോമീറ്റർ) വടക്ക് സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ഫിലിപ്പിന്റെ കൈസര്യ. പുരാതനമായ ഒരു നീർച്ചാൽ (Spring) ഇവിടെ ഉണ്ടായിരുന്നു എന്നത് ഒരു പ്രത്യേകത ആയിരുന്നു. ഇന്നു ഈ പ്രദേശം അറിയപ്പെടുന്നത് Banias എന്ന പേരിലാണ്.

കർത്താവ് തന്റെ ശിഷ്യന്മാരോട് വളരെ പ്രസക്തമായ ഒരു ചോദ്യം ചോദിക്കുന്നു. 'ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്ന് പറയുന്നു'? ജനങ്ങൾക്കിടയിൽ യേശു ഒരു ചർച്ചാവിഷയം ആയിരുന്നു. തന്റെ ഉപദേശങ്ങളും വീര്യപ്രവർത്തികളും ആയിരക്കണക്കിന് ആളുകളെ ആകർഷിച്ചിരുന്നു. എന്നാൽ യേശു ആരാണ് എന്നതിന് അവർക്ക് ഏകാഭിപ്രായമോ വ്യക്തമായ ധാരണയോ ഉണ്ടായിരുന്നില്ല. യേശു ആരാണ് എന്നതിന് അവരവർ ഓരോ സങ്കല്പം മെനഞ്ഞു. ചിലർ യോഹന്നാൻ സ്നാപകൻ ഉയിർത്തെഴുന്നേറ്റു എന്ന് കരുതി. മറ്റു ചിലർ ഏലിയാവ് ആണെന്ന് കരുതി. വേറെ ചിലർ യിരമ്യാവ് ആണെന്ന് പറഞ്ഞപ്പോൾ, ഇതിനോടൊന്നും യോജിക്കാത്തവരും ഉണ്ടായിരുന്നു. ഏതെങ്കിലും ഒരു പ്രവാചകൻ ആകാം എന്ന് അവർ കരുതി.

ജനങ്ങൾ പല അഭിപ്രായക്കാരാണെന്നും ജനങ്ങളുടെ അഭിപ്രായം അവരുമായി ഇടപഴകുന്ന ശിഷ്യന്മാർക്ക് നന്നായി അറിയാം എന്നുള്ളതും യേശു നന്നായി ഗ്രഹിച്ചിരുന്നു. അതുകൊണ്ടു തന്നെയാണ് യേശുകർത്താവ് ശിഷ്യന്മാരോട് അങ്ങനെ ഒരു ചോദ്യം ചോദിച്ചത്. ജനങ്ങൾ എന്ത് പറയുന്നു എന്നത് ശിഷ്യന്മാർ വ

ളരെ വ്യക്തമായി പറഞ്ഞു. അപ്പോൾ യേശുവിന്റെ ചോദ്യം ശിഷ്യന്മാരോട് ആയിരുന്നു. 'നിങ്ങൾ എന്നെ ആർ എന്ന് പറയുന്നു'? അതിന് മറുപടി നൽകിയത് പത്രോസ് ആയിരുന്നു.'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു'. വളരെ വ്യക്തമായ ഉത്തരം.

യേശു ആരാണ് എന്ന തിരിച്ചറിവിൽ ജനങ്ങൾക്കും ശിഷ്യന്മാർക്കും ഇടയിൽ വലിയ ഒരന്തരം കാണുന്നു. ജനങ്ങൾക്ക് ഇതുവരെ യേശു ആരാണ് എന്ന് മനസ്സിലായില്ല. അവരുടെ ബാഹ്യമായ കണ്ണുകൾ കൊണ്ട് അവർ യേശുവിനെ കണ്ടു. ബാഹ്യമായ ചെവികളാൽ യേശുവിന്റെ ശബ്ദം കേട്ടു. അവരിൽ പലരും യേശുവിനെയും യേശു അവരിൽ പലരെയും സ്പർശിച്ചിട്ടുണ്ട്. യേശുവിൽ നിന്നും അവർ അത്ഭുതം അനുഭവിച്ചിട്ടുണ്ട്. എന്നാൽ യേശുവിനെ അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് തന്നെയാണ് ഇന്നും അനേകരുടെ പ്രശ്നമായിരിക്കുന്നത്.

യേശുകർത്താവ് പത്രോസിന് കൊടുത്ത മറുപടി വളരെ ശ്രദ്ധേയമാണ്. 'നീ ഭാഗ്യവാൻ, ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്'. യേശു ആരാണെന്ന് തിരിച്ചറിയുന്നവർ ഭാഗ്യവാന്മാരാണ്. യേശു ആരാണെന്ന് ഒരു മനുഷ്യനു സ്വയം തിരിച്ചറിയുവാനോ, മറ്റൊരാൾക്ക് മനസ്സിലാക്കി കൊടുക്കുവാനോ കഴിയുകയില്ല. പിതാവായ ദൈവത്തിന് മാത്രമേ യേശുവിനെ ഒരാൾക്ക് വെളിപ്പെടുത്തി കൊടുക്കുവാൻ കഴിയൂ. യേശു ആരാണ് എന്ന് പത്രോസിന് സ്വർഗ്ഗസ്ഥനായ പിതാവാണ് വെളിപ്പെടുത്തിക്കൊടുത്തത്. 'പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല: പുത്രനും, പുത്രൻ വെളിപ്പെടുത്തി കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല'( മത്തായി 11 :27)

പുത്രനിൽക്കൂടി മാത്രമേ പിതാവിനെയും പിതാവിൽക്കൂടി മാത്രമേ പുത്രനെയും അറിയുവാൻ കഴിയൂ. പുത്രൻ പിതാവിനെയും പിതാവ് പുത്രനെയും വെളിപ്പെടുത്തുന്നു. ഇത് ഒരു മർമ്മമാണ്. പിതാവും പുത്രനും ഒന്നാണ് എന്നതാണ് ഈ മർമ്മം. നമ്മുടെ കർത്താവ് തന്നെ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നുമുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു എന്നു പറഞ്ഞു. ഫിലിപ്പൊസ് അവനോട്: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞത്: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു, പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം എന്നു നീ പറയുന്നത് എങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്ന് നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്; പിതാവ് എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ( യോഹന്നാൻ 14 :7 - 11 )

**ബാഹ്യമായ കണ്ണുകൾ കൊണ്ട് അവർ യേശുവിനെ കണ്ടു. ബാഹ്യമായ ചെവികളാൽ യേശുവിന്റെ ശബ്ദം കേട്ടു. അവരിൽ പലരും യേശുവിനെയും യേശു അവരിൽ പലരെയും സ്പർശിച്ചിട്ടുണ്ട്. യേശുവിൽ നിന്നും അവർ അത്ഭുതം അനുഭവിച്ചിട്ടുണ്ട്. എന്നാൽ യേശുവിനെ അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല.**

യേശു ആരാണ് എന്ന് തിരിച്ചറിയുവാൻ പിതാവിൽ നിന്നുള്ള വെളിപ്പാട് പ്രാപിക്കണം. മാംസരക്തങ്ങൾക്ക് അതായത് മനുഷ്യന് ഈ വെളിപ്പാട് നൽകുവാൻ കഴിയുകയില്ല. താഴ്മയോടെ ദൈവത്തെ അന്വേഷിക്കുന്നവർക്കാണ് ദൈവം തന്റെ വെളിപ്പാട് നൽകുന്നത്. അതുകൊണ്ടാണ് യേശുകർത്താവ് ഇപ്രകാരം അരുളിച്ചെയ്തത് പിതാവേ, സ്വർഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയത്. എന്റെ പിതാവ് സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല (മത്തായി 11: 25 - 27) അതേ, ജ്ഞാനികളും വിവേകികളുമായി അറിയപ്പെടുന്നവർക്ക് പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചുമുള്ള ശരിയായ വെളിപ്പാട് ലഭിക്കുന്നില്ല. എന്നാൽ ശിശു

ക്കളെപ്പോലെ തങ്ങളെത്തന്നെ താഴ്ത്തുന്നവർക്ക്, ആത്മാവിൽ ദരിദ്രരായവർക്ക് പിതാവ് പുത്രനെയും, പുത്രൻ പിതാവിനെയും വെളിപ്പെടുത്തുന്നു. ജീവനുള്ള ഏകസത്യദൈവത്തെക്കുറിച്ച് അവർ പരിജ്ഞാനം ഉള്ളവരായി വളരുന്നു.

യേശുകർത്താവ് സ്വയം സ്വീകരിച്ച Title ആണ് മനുഷ്യപുത്രൻ എന്നത്. അവിടുത്തെ യഥാർത്ഥ Title ആണ് ദൈവപുത്രൻ എന്നത്. ഇത് തന്റെ മനുഷ്യത്വത്തെയും ദൈവത്വത്തെയും പ്രതിനിധീകരിക്കുന്നതാണ്. ജഡത്തിൽ അവിടുന്ന് പൂർണ മനുഷ്യനും ആത്മാവിൽ പൂർണദൈവവും ആയിരുന്നു. യേശുവിനെക്കുറിച്ചുള്ള ഈ വെളിപ്പാട് ദൈവഭക്തിയുടെ മർമ്മമാണ്. അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമം സമ്മതമാംവണ്ണം വലിയതാകുന്നു (1 തീമോഥെയൊസ് 3 :16).

ആദിയിൽ ഉണ്ടായിരുന്ന ദൈവമായിരുന്ന, സൃഷ്ടികർമ്മം നിർവഹിച്ച 'വചനം' ജഡമായിത്തീർന്നതാണ് യേശുക്രിസ്തു എന്നു യോഹന്നാൻ തന്റെ സുവിശേഷത്തിൽ സമർത്ഥിച്ചിരിക്കുന്നു. (യോഹന്നാൻ 1:13, 14). വചനം ജഡമായി തീർന്നത് എങ്ങനെ എന്ന് ലൂക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. 'മറിയ ദൂതനോട്: ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു.? അതിന് ദൂതൻ: പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രനെന്നു വിളിക്കപ്പെടും'(ലൂക്കോസ് 1: 34, 35). പരിശുദ്ധാത്മാവിനാലാണ് അത് സംഭവിച്ചത്. ദൈവമായിരുന്ന വചനം പരിശുദ്ധാത്മാവിൽ മറിയയുടെ ഗർഭത്തിൽ മനുഷ്യശരീരം സ്വീകരിക്കുവാനുരുവാകുക ആയിരുന്നു. 'മക്കൾ ജഡരക്തങ്ങളോട് കൂടിയവരാകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായിത്തീർന്നു'( എബ്രായർ 2: 14 ).

സ്വയം ജഡമെടുത്ത കർത്താവിന്റെ ശരീരം പരിശുദ്ധവും, അതേസമയം പാപജഡത്തിന്റെ സാദൃശ്യത്തിൽ ഉളവായതും ആയിരുന്നു( റോമർ 8:3). അതായത് വിശപ്പും ദാഹവും ഉറക്കവും ക്ഷീണവും ഒക്കെയുള്ള ശരീരം. പരിശുദ്ധമായ ആ ശരീരം ദൈവാലയം ആയിരുന്നു(യോഹന്നാൻ 2: 21). ഏകസത്യദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും വസിച്ചിരുന്ന ആലയം (കൊലോസ്യർ 2 :9). അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. ഈ വചനത്തിന്റെ POC തർജിമ: 'ദൈവത്വത്തിന്റെ പൂർണ്ണത മുഴുവൻ അവനിൽ മൂർത്തിഭവിച്ചിരിക്കുന്നു' എന്നാണ്.

**ക്രിസ്തുവിനെ കൂടുതൽ അറിയുന്നതാണ് ക്രിസ്തീയജീവിതത്തിന്റെ വളർച്ച. ക്രിസ്തുവിനെ ആത്മാ വിലറിഞ്ഞു നാം ഉള്ളിൽ ക്രിസ്തുവിനെ ആരാധിക്കുന്നവരായിത്തീരും. ആ ആരാധന നമ്മെ ക്രിസ്തുവിനെ അനുകരിക്കുന്നവരാക്കി മാറ്റുന്നു. അനുകരണം നമ്മെ ക്രിസ്തുവിനോട് അനുരൂപരാക്കി മാറ്റിക്കൊണ്ടിരിക്കും.**

മുകളിൽ വിവരിച്ചതുപോലെ യേശുക്രിസ്തു ഒരു ദൈവമർമ്മമാണ് (കൊലോസ്യർ 2:2). അവിടുത്തെ ജനനം ഒരു അത്ഭുതമാണ്. മനുഷ്യസാദൃശ്യത്തിൽ ഒരു സാധാരണ മനുഷ്യനെപ്പോലെ ജനിച്ച അവിടുന്ന് മനുഷ്യപുത്രൻ എന്ന Title സ്വീകരിച്ചു. പരിശുദ്ധാത്മാവിനാൽ ജഡമെടുത്ത അവിടുന്ന് ദൈവപുത്രൻ എന്ന് വിളിക്കപ്പെടുന്നു. വിശദീകരിക്കുവാൻ പറ്റാത്ത ഒരത്ഭുതവും മർമ്മവും ആയിരിക്കുന്നു അവിടുന്ന്. അതുകൊണ്ട് പിതാവ് വെളിപ്പെടുത്തിക്കൊടുക്കുന്നവർക്ക് മാത്രം മനസ്സിലാകുന്ന വ്യക്തിത്വമാണ് യേശുക്രിസ്തു.

ക്രിസ്തു ആരാണ് എന്ന വെളിപ്പാട് ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയാണ്. ആ അടിസ്ഥാനത്തിലൂന്നിയാണ് ക്രിസ്തീയജീവിതം നയിക്കപ്പെടുന്നത്. ക്രിസ്തുവിനെ കൂടുതൽ അറിയുന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയായിരിക്കുന്നത്. ക്രിസ്തുവിനെ നാം നമ്മുടെ ആത്മാവിലറിഞ്ഞു കൊണ്ടിരിക്കുമ്പോൾ, നാം നമ്മുടെ ഉള്ളിൽ ക്രിസ്തുവിനെ ആരാധിക്കുന്നവരായിത്തീരും. ആ ആരാധന നമ്മെ ക്രിസ്തുവിനെ അനുകരിക്കുന്നവരാക്കി മാറ്റുന്നു. അനുകരണം നമ്മെ ക്രിസ്തുവിനോട് അനുരൂപരാക്കി മാറ്റിക്കൊണ്ടിരിക്കും. ക്രിസ്തുവിനോട് സദൃശ്യരായി മാറ്റുന്ന വലിയ ദൈവപ്രവൃത്തി, പരിശുദ്ധാത്മാവ് നമ്മിൽ ചെയ്യുന്നത് ക്രിസ്തുവിനെ അറിയുവാൻ നമ്മെ സഹായിച്ചു കൊണ്ടാണ്, അഥവാ ക്രിസ്തുവിനെ തന്റെ വചനത്തിലൂടെ കൂടുതൽ കൂടുതൽ വെളിപ്പെടുത്തിത്തന്നു കൊണ്ടാണ് •

തലായവ ആത്മീയനിഗളത്തിന്റെ ലക്ഷണങ്ങളാണ്.

ദൈവം ഒരുവനെ ഒരു സ്ഥാനത്ത് തിരഞ്ഞെടുത്താക്കുന്നതും തന്നെത്താൻ ആകുവാൻ ശ്രമിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. തനിക്കർഹമായത് നേരല്ലാത്ത മാർഗ്ഗങ്ങളിൽക്കൂടി തട്ടിയെടുക്കാൻ ശ്രമിക്കുമ്പോൾ ആ വ്യക്തി ആത്മീയ നിഗളത്തിലാണ്. യേശു പറഞ്ഞത് തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. ദൈവകൃപയിലാശ്രയിക്കാതെ സ്വപ്രയത്നത്താൽ പാപത്തെ ജയിക്കുവാൻ ശ്രമിക്കുന്നതു വിഫലമാണ്. ദൈവം വ്യക്തമായി തന്റെ പാപത്തെ മനസ്സിലാക്കിത്തന്നിട്ടും ദൈവശബ്ദം അനുസരിച്ച് പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് ശുദ്ധീകരണം പ്രാപിക്കാതെ മത്സരിച്ച് പാപത്തിൽ തുടർന്ന് ക്രിസ്തീയജീവിതം നയിക്കുവാൻ ശ്രമിക്കുന്നതും ആത്മീയ നിഗളമാണ്. സ്വയത്തെ സ്നേഹിക്കുന്നവരിലും ദൈവഹിതത്തിനു സ്ഥാനം കൊടുക്കാതെ സ്വയേച്ഛയ്ക്ക് വിധേയപ്പെടുന്നവരിലും ആത്മീയ നിഗളം കാണുവാൻ കഴിയും. ദൈവത്തിലാശ്രയിക്കുന്നതിനു പകരം ഒരുവൻ തന്റെ ബുദ്ധിയിലും, കഴിവുകളിലും, പണത്തിലും ആശ്രയിക്കുന്നതും സ്വയനീതീകരണവും (Self-righteousness) ആത്മീയനിഗളത്തിന്റെ ലക്ഷണമാണ്. തങ്ങളെത്തന്നെ അവരുടെ മുമ്പാകെ നീതികരിക്കുന്നവരെക്കുറിച്ച് യേശു ഇപ്രകാരം പറഞ്ഞു: 'ദൈവം നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുമ്പാകെ അറപ്പ് ആകുന്നു'(ലൂക്കോസ് 16:15). തങ്ങൾ നീതിമാന്മാർ എന്ന് ഉറച്ച് മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് യേശു ഒരു ഉപമ പറഞ്ഞു. പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ പോയ പരിശൻ തന്നെത്താൻ ദൈവമുമ്പാകെ ഉയർത്തി. അതേസമയം ചുങ്കക്കാരൻ ദൈവമുമ്പാകെ തന്നെത്താൻ താഴ്ത്തി. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു(ലൂക്കോസ് 18:14).

ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം തനിക്ക് ലാഭമായിരുന്നതെല്ലാം ചേതമെന്നെണ്ണിയ പൗലൊസ് കൊരിന്ത്യർക്ക് ഇപ്രകാരം ലേഖനമെഴുതി എങ്കിലും 'ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രെ'. തന്റെ ശുശ്രൂഷയുടെ വിജയരഹസ്യം തന്റെ കഴിവല്ല, മറിച്ച് തന്നോടുകൂടെയുള്ള ദൈവകൃപയാണ് എന്ന സത്യം പൗലൊസ് വളരെ വ്യക്തമായി ഗ്രഹിച്ചിരുന്നു. വെളിപ്പാടുകളുടെ ആധിക്യത്താൽ താൻ അതിയായി നിഗളിച്ചുപോകാതിരിക്കാൻ ജഡത്തിൽ തനിക്ക് ഒരു ശൂലം നല്കപ്പെട്ടിരിക്കുന്നു എന്ന് പൗലൊസ് 2 കൊരിന്ത്യർ 12:7 ൽ പറയുന്നു. താൻ കണ്ട ഒരു ദർശനം 14 വർഷങ്ങൾക്ക് ശേഷമാണ് വെളിപ്പെടുത്തുന്നത്. പൗലൊസിനു പറയാനുള്ളത് എന്നെക്കുറിച്ചോ എന്റെ ബലഹീനതകളിൽ അല്ലാതെ ഞാൻ പ്രശംസിക്കുകയില്ല. ഞാൻ പ്രശംസിപ്പാൻ വിചാരിച്ചാലും മൂഢനാകയില്ല, സത്യമല്ലോ പറയുന്നത്. എങ്കിലും എന്നെ കാണുന്നതിനും എന്റെ വായിൽ നിന്നു കേൾക്കുന്നതിനും മീതെ എന്നെക്കുറിച്ച് ആരും നിരൂപിക്കരുത് എന്നുവെച്ച് ഞാൻ പിൻവാങ്ങുന്നു (2 കൊരിന്ത്യർ 12:6)

പഴയനിയമ ഭക്തനായ ദാവീദ് ആത്മീയനിഗളത്തിന്റെ അപകടം മനസ്സിലാക്കിയിരുന്നു. നിഗളിച്ചു നടക്കുന്നവരെ നീ താഴ്ത്തും (സങ്കീർത്തനം 18:27) യഹോവേ എന്റെ ഹൃദയം ഗർവ്വിച്ചിരിക്കുന്നില്ല. ഞാൻ നിഗളിച്ചു നടക്കുന്നില്ല, എന്റെ ബുദ്ധിക്കെത്താത്ത വൻകാര്യങ്ങളിലും അത്ഭുത വിഷയങ്ങളിലും ഞാൻ ഇടപെടുന്നതുമില്ല. ഞാൻ എന്റെ പ്രാണനെ (Soul) താലോലിച്ച് മിണ്ടാതാക്കിയിരിക്കുന്നു.(സങ്കീ 131 :1,2) ശുശ്രൂഷയിൽ തിരക്കുള്ളവരാകുമ്പോൾ, ദൈവം ശക്തമായി ഉപയോഗിക്കുവാൻ തുടങ്ങുമ്പോൾ ദൈവകൃപയാൽ പ്രാണനെ താലോലിച്ച് മിണ്ടാതാക്കിയാൽ ആത്മീയ അഹങ്കാരം എന്ന അർബുദ വ്യാധിയിൽ നിന്ന് രക്ഷ നേടാം.

ജാതീയ രാജാവായ നെബുഖദ്നേസർ നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാൻ ദൈവം പ്രാപ്തനാണ് എന്ന് മനസ്സിലാക്കി (ദാനിയേൽ. 4:30 - 37). ഓരോരുത്തൻ സ്വന്തനന്മ മാത്രമല്ല, മറ്റുള്ളവന്റെ നന്മ കൂടെ അന്വേഷിക്കേണ്ടതാണ് (ഫിലിപ്യർ 2:4). ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. ഏതുവിധേനയും താന്താന്റെ നില ഭദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഓട്ടക്കളത്തിലായിരിക്കുന്ന പലരെയും നമുക്ക് കാണുവാൻ കഴിയും. സ്വന്ത നന്മ മാത്രം നോക്കുന്നതും ആത്മീയഹങ്കാരത്തിന്റെ ലക്ഷണമാണ്. മനുഷ്യരുടെ

ഹൃദയത്തിൽ നിന്നും പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്ന പാപങ്ങളിൽ ഒന്നാണ് അഹങ്കാരം (മർക്കൊസ് 7 :23).

യേശുക്രിസ്തു ഗിരിപ്രഭാഷണം ആരംഭിക്കുന്നതു തന്നെ ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്ന ഭാഗ്യവചനത്തോടുകൂടെയാണ്. തങ്ങളുടെ ആത്മീയദാരിദ്ര്യത്തെ മനസ്സിലാക്കാതെ ആത്മാവിൽ സമ്പന്നരെന്നഭിമാനിക്കുന്നതും, ആത്മീയത്തിൽ തികഞ്ഞവരെന്നു ചിന്തിക്കുന്നതും ആത്മീയ നിഗളത്തിന്റെ ലക്ഷണമാണ്.

ആത്മീയനിഗളത്തിൽ നിന്ന് എപ്രകാരം വിടുതൽ പ്രാപിക്കാം? ദൈവകൃപയില്ലാതെ പാപത്തെ ജയിക്കുവാൻ കഴിയുകയില്ല. *ആത്മീയനിഗളിയായിരിക്കുന്ന ഒരുവനിൽ ദൈവം തന്റെ കൃപ പകരുകയുമില്ല. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു.* താഴ്മയുള്ളവർക്കോ കൃപ നൽകുന്നു(1 പത്രോസ് 5:5). ദൈവകൃപയില്ലെങ്കിൽ ചില നാളുകൾ കഴിയുമ്പോൾ ആത്മാവുകൊണ്ട് ശുശ്രൂഷ ആരംഭിച്ചവർ ജഡത്തിൽ ശുശ്രൂഷ അവസാനിപ്പിക്കും. ദൈവം കൃപ പകരണമെങ്കിൽ ദൈവസന്നിധിയിൽ താഴണം. അനുസരണത്തെ താഴ്മയോടും അനുസരണക്കേടിനെ നിഗളത്തോടും താരതമ്യം ചെയ്തു 1 പത്രോസ് 5 :5 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തെ അനുസരിക്കുക, ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെടുത്തുക. ഇവയാണ് താഴ്മകൊണ്ടു അർത്ഥമാക്കുന്നത്. ഒരു വ്യക്തിക്ക് തന്നിലെ പല പാപങ്ങളും മനസ്സിലാക്കുവാൻ കഴിയുമെങ്കിലും ആത്മീയനിഗളം ഒരുവന് പെട്ടെന്ന് മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നുള്ളതാണ്. ജീവിതത്തിലെ ഏതൊക്കെ തലങ്ങളിൽ

**ആത്മീയദാരിദ്ര്യത്തെ മനസ്സിലാക്കാതെ ആത്മാവിൽ സമ്പന്നരെന്നും തികഞ്ഞവരെന്നും ചിന്തിക്കുന്നതും നിഗളത്തിന്റെ ലക്ഷണമാണ്.**

ആണ് ആത്മീയ നിഗളം കടന്നുകൂടിയിരിക്കുന്നത് എന്ന് ആ വ്യക്തിക്ക് ന്യായമായി മനസിലാക്കുവാൻ കഴിയുകയില്ല.. ദൈവത്തോട് അപേക്ഷിച്ചാൽ ഹൃദയങ്ങളെ ശോധന ചെയ്യുന്നവൻ അത് വെളിപ്പെടുത്തിത്തരും. ദൈവാത്മാവ് വെളിപ്പെടുത്തുന്ന തെറ്റുകളെ ദൈവസന്നിധിയിൽ ഓരോന്നായി ഏറ്റു പറഞ്ഞുപേക്ഷിച്ച് ശുദ്ധീകരണം പ്രാപിച്ച് ദൈവസന്നിധിയിൽ തങ്ങളെത്തന്നെ താഴ്ത്തുന്നതുവരെ ദൈവകൃപ ആ വ്യക്തിയിൽ പ്രവർത്തിക്കുകയില്ല. ആത്മീയനിഗളത്തിൽ നിന്ന് വിടുതൽ പ്രാപിക്കാനുള്ള ഏകമാർഗ്ഗം താഴ്മ ധരിക്കുക എന്നതു മാത്രമാണ്.

പൗലൊസ് ഇപ്രകാരം എഴുതി 'ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല. ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടിക്കാമോ എന്നുവെച്ച് പിന്തുടരുന്നതേയുള്ളൂ. സഹോദരൻമാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്ന നിരൂപിക്കുന്നില്ല. നമ്മിൽ തികഞ്ഞവരൊക്കെയും ഇങ്ങനെതന്നെ ചിന്തിച്ചുകൊൾക'(ഫിലിപ്യർ 3:12). ഒരു യഥാർത്ഥ ആത്മീയന്റെ ലക്ഷണം ഇവിടെ കാണുവാൻ കഴിയും. ആത്മീയ നിഗളമാകുന്ന സാത്താന്യ കെണിയിലകപ്പെടാതെ അന്ത്യത്തോളം ദൈവകൃപയിലാശ്രയിച്ചു ഓട്ടം പൂർത്തീകരിക്കാൻ സർവ്വശക്തൻ നമുക്ക് കൃപ നൽകട്ടെ. •

## രക്ഷാനിർണ്ണയം പ്രാപിച്ചവർ ഇത്രയും അറിഞ്ഞാൽ സുവിശേഷം പങ്കു വയ്ക്കാനാകും.

| | |
|---|---|
| God loves all people. (John 3:16) | ദൈവം സകല ജനത്തേയും സ്നേഹിക്കുന്നു |
| All people are sinners. (Romans 3:23) | സകല ജനങ്ങളും പാപികളാണ് |
| Sin must be paid for. (Romans 6:23) | പാപത്തിന്റെ ശമ്പളം മരണമത്രെ. |
| Jesus paid for your sins. (Romans 5:8) | യേശുക്രിസ്തു പാപത്തിന്റെ മറുവിലയായി തീർന്നു. |
| Trust Jesus Christ as your Savior. (Romans 10:13) | യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുക, ആശ്രയിക്കുക |

# പുര നിറഞ്ഞു നിൽക്കുന്നവർ...!

മഹാരാഷ്ട്രയിലെ സോലാപ്പൂരിൽ വിവാഹം നടക്കാത്ത ചെറുപ്പക്കാർ വിവാഹവസ്ത്രങ്ങൾ ധരിച്ച് കുതിരപ്പുറത്തേറി, ബാൻഡ്മേളത്തിന്റെ അകമ്പടിയോടെ കളക്ട്രേറ്റ് മാർച്ച് നടത്തിയ വാർത്ത 2022 ഡിസംബർ മാസം ഇരുപത്തിമൂന്നാം തീയതിയിലെ മനോരമ ദിനപത്രം അടക്കം പല വർത്തമാനപത്രങ്ങളും റിപ്പോർട്ട് ചെയ്തിരുന്നല്ലോ. സ്ത്രീപുരുഷ അനുപാതത്തിലെ അന്തരം കാരണം വധുവിനെ ലഭിക്കുന്നില്ല എന്നാണ് ഇവരുടെ പരാതി. പങ്കാളിയെ കണ്ടെത്തുവാൻ സർക്കാർ സഹായിക്കണമെന്നും ഇവർ ആവശ്യപ്പെടുന്നു. പെൺകുട്ടികളെ പങ്കാളികളായി ലഭിക്കാത്തതിന് ഇവർ പറയുന്ന സുപ്രധാന കാരണം ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയവും, അതേത്തുടർന്നുള്ള ഭ്രൂണഹത്യയും മൂലമാണെന്നാണ്. ഇത് നിയമം വഴി വിലക്കണമെന്ന് കലക്ടർക്ക് നൽകിയ നിവേദനത്തിൽ *ജ്യോതിക്രാഫ്റ്റ് പരിഷത്ത്* എന്ന സംഘടന ആവശ്യപ്പെട്ടു. ഇന്ത്യയിൽ ഈ വർഷത്തെ ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം 1000 പുരുഷന്മാർക്ക് 1020 സ്ത്രീകൾ എന്ന അനുപാതമാണ്. എന്നാൽ പ്രതിഷേധം നടന്ന മഹാരാഷ്ട്രയിൽ ആകട്ടെ 1000 പുരുഷന്മാർക്ക് 913 സ്ത്രീകൾ മാത്രമാണുള്ളത്. ഇക്കാരണത്താൽ സ്ത്രീ പുരുഷ അന്തരം രൂക്ഷമാവുകയും ഓരോരുത്തർക്കും ഭാര്യമാരെ ലഭിക്കാതാവുകയും ചെയ്യുന്നു.

കാസർഗോഡ് ജില്ലയിൽ, ഇതിനു സമാനമായ ഒരു സംഭവം, വിവാഹം കഴിക്കാൻ വധുവിനെ ലഭിക്കാത്ത പുരുഷന്മാരുടെ സംഗമമൊരുക്കി ഒരു കൂട്ടം വനിതകൾ സംഘടിപ്പിച്ചതായി അറിയുന്നു. വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടായിട്ടും വധുവിനെ ലഭിക്കാതെ അവിവാഹിതരായി തുടരുന്ന നിരവധി പുരുഷന്മാർ സംഗമത്തിൽ പങ്കെടുത്തു. പുരുഷന്മാർക്ക് പങ്കാളിയെ ലഭിക്കാത്തതിന് കാരണങ്ങൾ പലതാണ്. പെൺകുട്ടികളുടെ ഭർതൃസങ്കൽപങ്ങൾ മാറിയതാണ് പുരുഷന്മാർ പുര നിറഞ്ഞു നിൽക്കാൻ കാരണമെന്നായിരുന്നു പൊതുവേയുള്ള നിലപാട്. ഉത്തമമായ ദാമ്പത്യജീവിതം എന്നതിനപ്പുറം ഭർത്താവിന് ഉയർന്ന ജോലി, ശമ്പളം, സൗന്ദര്യം തുടങ്ങിയവയ്ക്കും പെൺകുട്ടികൾ മുൻതൂക്കം കൊടുത്തതോടെയാണ് ഈ അവസ്ഥ വന്നതെന്ന് പരിപാടിയിൽ പങ്കെടുത്ത ഭൂരിപക്ഷം പുരുഷന്മാരും അഭിപ്രായപ്പെട്ടു. പുരുഷമേധാവിത്വം നിറഞ്ഞു നിന്ന സമൂഹത്തിൽ സ്ത്രീകൾ സ്വന്തം കാലിൽ നിൽക്കാൻ പഠിച്ചതോടെ യോജിച്ച ഭർത്താവിനെ തിരഞ്ഞെടുക്കാനുള്ള അവകാശവും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നു.

മറ്റൊരു കാരണം പെൺകുഞ്ഞുങ്ങളുടെ ഭ്രൂണഹത്യയാണ്. പെൺഭ്രൂണത്തെ ഗർഭപാത്രത്തിൽ വച്ച് തന്നെ നശിപ്പിച്ച് കളയുന്നതാണ് പെൺ ഭ്രൂണഹത്യ (Female foeticide). റോയിട്ടേർസ് നടത്തിയ പഠനത്തിൽ പെൺഭ്രൂണഹത്യ ഉൾപ്പെടെ സ്ത്രീകൾക്കെതിരെ ഏറ്റവും കൂടുതൽ അക്രമം നടക്കുന്ന രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് നാലാം സ്ഥാനമാണ്. ഇന്ത്യയിൽ ഓരോ മിനിട്ടിലും ഒരു പെൺഭ്രൂണഹത്യ നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലും പെൺ ജനനനിരക്ക് കുറയുന്നതായി പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നു. സാമൂഹികവും സാമ്പത്തികവും മറ്റുമായ കാരണങ്ങളാൽ ആൺകുട്ടികൾക്ക് സമൂഹത്തിൽ ഉയർന്ന പരിഗണന നൽകുന്ന സങ്കൽപ്പം നമ്മുടെ സമൂഹത്തിൽ പെൺഭ്രൂണഹത്യക്ക് സാഹചര്യമൊരുക്കുന്നു. സ്ത്രീകളെ രണ്ടാം തരക്കാരായി കാണുന്ന സമൂഹങ്ങളിൽ പെൺഭ്രൂണഹത്യ കൂടുതലായി കാണപ്പെടുന്നു. ഇത് ഇന്ത്യയിലെ വികസന സൂചികകളെ പിന്നോട്ടടിക്കുന്നു.

ഭ്രൂണഹത്യ കൊലപാതകം തന്നെയാണ്. വിഷാദരോഗത്തിനും മറ്റു മാനസിക വൈകല്യങ്ങൾക്കും ഭ്രൂണഹത്യയ്ക്ക് വിധേയരായ അമ്മമാർ സഹിക്കേണ്ടി വരുന്നു. അബോർഷനിടെ മരിക്കുന്ന അമ്മമാരും ധാരളം! ദൈവം തന്ന ലൈംഗികത ദുരുപയോഗിക്കാതെ, ഗർഭം ധരിക്കാതിരിക്കാനുള്ള അവകാശം എല്ലാ സ്ത്രീകൾക്കുമുണ്ട്. പക്ഷേ ഗർഭം ധരിച്ചാൽ മറ്റൊരു ജീവനോട് കാട്ടുന്ന എല്ലാ മാന്യതയും ആ ഗർഭസ്ഥ ശിശുവിനോടും കാട്ടണം. അതിനാൽ ഒരിക്കലും ഭ്രൂണഹത്യ അരുത്, കാരണം ഓരോ ജീവനും അമൂല്യമാണ്. ഭ്രൂണഹത്യയിലൂടെ കൊലപതകികളായി മാറുന്നത് ശോചനീയമല്ലേ?

●

# ജീവനുള്ള പ്രത്യാശ

പ്രശ്നസങ്കീർണമായ ഒരു വർഷം പിന്നിടുമ്പോഴും നമ്മെ ഓരോരുത്തരെയും പിന്നെയും മുന്നോട്ട് നയിക്കുന്നത് നമ്മുടെ ഉള്ളിലെ പ്രതീക്ഷകളാണ്. വേണമെങ്കിൽ ചുരുക്കം ചില ആഴ്ചകൾ നമുക്ക് ആഹാരം കൂടാതെയും ചില ദിവസങ്ങൾ വെള്ളം കുടിക്കാതെയും കഴിയാം. പ്രാണവായു കിട്ടാതെ ചില സെക്കൻഡുകൾ ചിലപ്പോൾ നമുക്ക് തള്ളിനീക്കുവാൻ കഴിഞ്ഞേക്കാം. എന്നാൽ പ്രതീക്ഷയില്ലാതെ ഒരു സെക്കൻഡ് പോലും നമുക്ക് ജീവിക്കുവാൻ കഴിയില്ല! അതെ, പുതുവർഷത്തിലേക്ക് നമ്മെ സന്തോഷത്തോടെ നയിക്കുന്നത് നമ്മുടെ ഉള്ളിലെ ശുഭപ്രതീക്ഷയും പ്രത്യാശയുമാണ്.

വിശ്വാസവും സ്നേഹവും പോലെ ജീവിതത്തിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട കാര്യമാണ് പ്രത്യാശ. നാം ജീവനുള്ള പ്രത്യാശയ്ക്കായിട്ടാണ് വീണ്ടുംജനിച്ചിരിക്കുന്നതെന്ന വിശുദ്ധ പത്രോസിന്റെ ചിന്തകൾ ദൈവശാസ്ത്ര പഠനധാരയിലെ ഒരു പ്രധാന വിഷയമാണ്! കഷ്ടതയിലൂടെയും പീഡാനുഭവങ്ങളിലൂടെയും മുന്നോട്ടുപോകുന്ന ഓരോരുത്തർക്കും ഉള്ള പ്രത്യാശയുടെ സന്ദേശമാണ് പത്രോസ് നൽകുന്നത്. കൃപയാൽ വിശ്വാസം മൂലം സൗജന്യമായി ലഭിക്കുന്ന രക്ഷ ജീവനുള്ള പ്രത്യാശയിലേക്കാണ് നടത്തുന്നത്.

ദൈവമില്ലാത്ത ആളുകളെ പ്രത്യാശയില്ലാത്തവരായിട്ടാണ് അപ്പോസ്തലനായ പൗലോസും ചിത്രീകരിക്കുന്നത്. പ്രത്യാശയില്ലാത്തവർക്ക്, പ്രിയപ്പെട്ടവരുടെ വേർപാടിന്റെ ദു:ഖത്തിൽ നിന്നോ, അനർത്ഥങ്ങളിൽ നിന്നോ ഒന്നും കരകയറാൻ കഴിയുകയില്ല. ഇവിടെയാണ് വീണ്ടുംജനനത്തിലൂടെ കരഗതമാകുന്ന പ്രത്യാശയുടെ മഹിമ വെളിപ്പെടുന്നത്. കൊടുങ്കാറ്റുകളുടെയും തിരമാലകളുടെയും നടുവിൽ നമ്മുടെ ജീവിതനൗകയെ ക്രിസ്തുവാകുന്ന നങ്കൂരത്തിൽ ഉറപ്പിച്ചു നിർത്തുന്നത് ജീവനുള്ള പ്രത്യാശയാണ്! ഈ സജീവമായ പ്രത്യാശ രക്ഷിക്കപ്പെടുന്ന ദൈവജനത്തിന് ലഭിക്കുന്ന അവകാശമാണെന്നും പത്രോസ് പ്രബോധിപ്പിച്ചു.

ജീവിതക്ലേശങ്ങൾക്കുള്ള ഒരു വേദനസംഹാരി ആയിട്ടല്ല, ഒരു രക്തം മാറ്റിവയ്ക്കൽ ചികിത്സാനുഭവമാണ് യഥാർത്ഥത്തിൽ വീണ്ടുംജനനം. ഇതിനെ ഭാഗ്യകരമായ പ്രത്യാശ എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്. ദൈവമഹത്വത്തിന്റെ പങ്കാളിത്തത്തിലേക്ക് ആണ് നിത്യജീവന്റെ പ്രത്യാശ നമ്മെ നയിക്കുന്നത് എന്നും പോൾ വ്യക്തമാക്കുന്നുണ്ട്.

ഉവ്വ്, ജീവൽസമൃദ്ധമായ പ്രത്യാശയോടെ ഇപ്രകാരം ഓരോ ദിവസവും ജീവിക്കുവാൻ കഴിഞ്ഞാൽ പുതുവർഷം നമുക്ക് ദൈവകൃപയുടെ ഒരു സംവത്സരം ആയിരിക്കും!

-എംസി


RIGHTEOUS PATH PUBLICATION TRUST

**Bank Account Details:**
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.01.2023

NERVEEDHI - JANUARY 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025

2023

PUBLICATIONS

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




SOUTH INDIAN Bank

RIGHTEOUS PATH PUBLICATION TRUST

Vpa Id:qr.nerveedhi@sib

BHIM UPI

Scan and Pay using any UPI App

SIB Mirror+

Paytm amazon pay MobiKwik

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob:9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.